# ഗോസ്പൽ മെസഞ്ചർ

₹12

VOLUME XVII ISSUE 4 | JULY 2026 | ക്രിസ്തീയ കുടുംബ മാസിക



"ഭൂമി നിന്റെ സൃഷ്ടികളാൽ
നിറഞ്ഞിരിക്കുന്നു"
(സങ്കീർത്തനങ്ങൾ 104:24)

# EDITORIAL

## നമ്മുടെ കാഴ്ചപ്പാട് എവിടംവരെ?



റവ. പി.വി. യാക്കോബ്

ഇന്ത്യയിലെ ചില സംസ്ഥാനങ്ങളിൽ തിരഞ്ഞെടുപ്പ് കഴിഞ്ഞ് പുതിയ ഗവൺമെന്റുകൾ അധികാരത്തിൽ വന്നു. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളായ തമിഴ്നാടും കേരളവും അതിൽ ഉൾപ്പെടുന്നു.

2026 മെയ് 10-ന് ശ്രീ. സി. ജോസഫ് വിജയ് തമിഴ്നാടിന്റെ മുഖ്യമന്ത്രിയായി ചുമതലയേറ്റു. ദ്രാവിഡക്കോട്ട തകർത്ത് അധികാരത്തിൽ എത്തിയ വിജയ് സകല രാഷ്ട്രീയക്കാർക്കും ഒരു അത്ഭുതമാണ്. പൊതുജനമദ്ധ്യേ താൻ നടത്തിയ ഒരു പ്രസംഗം ആരംഭിച്ചത്, 'പ്രെയ്സ് ദ ലോഡ്' എന്നു പറഞ്ഞ് ദൈവത്തെ സ്തുതിച്ചുകൊണ്ടാണ്. തന്റെ കാഴ്ചപ്പാടും പ്രവർത്തന രീതിയും ശ്രദ്ധിച്ചാൽ അവ ക്രിസ്തീയമൂല്യങ്ങളിൽ അധിഷ്ഠിതമാണ് എന്ന് കാണാം.

കേരളത്തിലേക്ക് വന്നാൽ, 2026 മെയ് 18-ന് ശ്രീ. വി.ഡി. സതീശൻ സത്യപ്രതിജ്ഞ ചെയ്ത് മന്ത്രിസഭയുടെ സാരഥിയായി. പൊതുജനത്തെ അഭിസംബോധനചെയ്തുകൊണ്ട് ശ്രീ. സതീശൻ പറഞ്ഞു, "ഇത് ദൈവികമായ നിയോഗമായി ഞാൻ കാണുന്നു." മറ്റൊരവസരത്തിൽ, ജീവിതത്തിലെ പ്രതിസന്ധികളെ അഭിമുഖീകരിക്കുന്ന വിധം വിവരിച്ചത് ഇങ്ങനെയാണ്. "പ്രതിസന്ധിസമയത്ത് എന്നെ നയിച്ചത് ബൈബിൾവചനങ്ങളാണ്." അദ്ദേഹം തുടർന്നു, "എല്ലാ ദിവസവും ഞാൻ ഒരു പേജ് ബൈബിൾ വായിക്കും." ദൈവത്തെക്കുറിച്ചും ബൈബിളിനെക്കുറിച്ചും ശ്രീ സതീശനുള്ള കാഴ്ചപ്പാട് എത്ര ഉന്നതമാണ്! ദാവീദ്‌രാജാവ് പറയുന്നു, "നിന്റെ വചനം എന്റെ കാലിന്നു ദീപവും പാതെക്കു പ്രകാശവും ആകുന്നു." (സങ്കീ. 119:105)

ആഫ്രിക്കൻരാജ്യമായ നൈജീരിയ ക്രൈസ്തവസമൂഹത്തിന്റെ കണ്ണുനീരിൽ കുതിർന്ന ദേശമാണ്. കഴിഞ്ഞ നാളുകളിൽ ലോകം കണ്ടത്, ആയിരക്കണക്കിന് ക്രൈസ്തവർ അവിടെ മുസ്ലീംതീവ്രവാദികളാൽ വധിക്കപ്പെടുന്നതാണ്. ആ രാജ്യത്തിന്റെ പ്രസിഡന്റ്, 2023 മെയ് 20-ന് അധികാരത്തിൽ വന്ന Bola Ahmed Tinubu ആണ്. Nigerian Armed Force-ന്റെ കമാൻഡർ-ഇൻ-ചീഫ് ഉം അദ്ദേഹംതന്നെയാണ്. അദ്ദേഹത്തിന്റെ സഹധർമ്മിണി അഭ്യസ്തവിദ്യയും അദ്ധ്യാപികയും എഴുത്തുകാരിയും അവതാരകയും തുടർന്ന് സെനറ്ററുമായി തിളങ്ങിയ ശ്രീമതി. ഒലുറെമി ടിനുബു ആണ്. ക്രിസ്തുവിന്റെ കരസ്പർശം അവളെ രൂപാന്തരപ്പെടുത്തി; അവരുടെ കാഴ്ചപ്പാട് മാറി; തന്റെ ജീവിതവും ദൗത്യവും ഇന്ന് ക്രിസ്തുവാണ്. രാഷ്ട്രത്തിന്റെ പ്രഥമ വനിത ആയിരിക്കുമ്പോൾ തന്നേ ഏറ്റവും വലിയ പെന്തക്കൊസ്തുസഭകളിൽ ഒന്നായ 'റീഡിംഗ് ക്രിസ്ത്യൻ ചർച്ച് ഓഫ് ഗോഡ്'-ന്റെ ഒരു പാസ്റ്ററായി ഒലുറെമി ആരാധന നയിക്കുന്നു. ഒരു മുസ്ലീം പ്രസിഡന്റിന്റെ കൊട്ടാരത്തിൽ ദൈവം സൂക്ഷിക്കുന്ന സ്ത്രീരത്നം!

ദൈവജനമേ, ക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട വിശ്വാസിയേ, നമ്മുടെ കാഴ്ചപ്പാട് എങ്ങനെയാണ്; എവിടംവരെയാണ്? നമ്മുടെ കാഴ്ചപ്പാട് ക്രിസ്തു എന്ന തലയോളം ഉയരട്ടെ.

# CONTENTS


03 "ദുർവർത്തമാനം"
ഡോ. വി. പി. മത്തായി വാലയിൽ

05 ദൈവം നമ്മോടു ചോദിക്കുന്നത്
ഡോ. നെൽസൻ മാത്യു വാലയിൽ

07 വിവാഹപൂർവ്വ/ വൈവാഹിക കൗൺസലിംഗ്
പ്രൊഫ. ജോൺ സഖറിയ

09 മറന്നുവെച്ച മൺകുടത്തിന്റെ പ്രസംഗം
ബാബു അഞ്ചേരി

11 ദയ
സോജ ടോണി

13 ജോലിയിൽ ദൈവഹിതം തിരിച്ചറിയുക
റവ. ബേസിൽ ജോർജ്ജ്

15 പുഞ്ചിരിയുടെ സമ്മാനം
ടീച്ചർ

25 അഭിവാദനങ്ങൾ
റവ. സണ്ണി കെ ജോൺ

- അഗ്നി അഗ്നിയെ ഉൽപാദിപ്പിക്കുന്നു
- ന്യൂസ്
- ദൈനംദിന സഹായി
- ആരോഗ്യവിചാരം
- ബൈബിൾ ക്വിസ്
- അനുഭവസാക്ഷ്യം



EDITORIAL BOARD

PUBLISHER : Dr. V. P. Mathai Valayil
CHIEF EDITOR : Rev.P.V. Yacob
EXECUTIVE EDITOR : Rajan M Thomas
EDITOR : Baby George
MEMBERS : Dr. Nelson Mathew, Soja Tony, Alice Shajan, Sajitha M.S.



GOSPEL MESSENGER
E.G.M. OF INDIA
Allapra P.O, Allapra, Ernakulam Dist., Kerala 683556

egmofindia@gmail.com
8281616654

For Donation to Gospel Messenger



ഡയറക്ടറുടെ കത്ത്



ഡോ. വി.പി. മത്തായി വാലയിൽ

# “ദുർവർത്തമാനം”

**ഒരു വ്യക്തിയെക്കുറിച്ചോ സമൂഹത്തെക്കുറിച്ചോ, പ്രസ്ഥാനങ്ങളെക്കുറിച്ചോ പ്രചരിപ്പിക്കുന്ന അപകീർത്തികരമായ വാർത്തകൾ ആണ് Evil Tidings (ദുർവർത്തമാനം).**

ആരും ഇഷ്ടപ്പെടാത്ത ഒന്നാണ് ദുർവാർത്തകൾ (Bad News) അല്ലെങ്കിൽ മോശം വാർത്തകൾ. ഇവയുടെ സ്വഭാവം വിവിധങ്ങളാണ്. ഒരു മരണത്തെക്കുറിച്ചുള്ള വാർത്തകളും, അപകടങ്ങളെക്കുറിച്ചുള്ള വാർത്തകളും, നഷ്ടങ്ങളുടെ വാർത്തകളും, അത്യാഹിത വാർത്തകളും, കൊലപാതക വാർത്തകളും, ദുരന്ത വാർത്തകളുമെല്ലാം നമ്മെ ഞെട്ടിപ്പിക്കുന്ന 'ബാഡ് ന്യൂസ്' ആണ്. ഇതൊന്നും കേൾക്കാൻ നമ്മൾ ഇഷ്ടപ്പെടാറില്ല. പക്ഷേ കേൾക്കാൻ നിർബന്ധിതരുമാണ്. പ്രാദേശിക, ദേശീയ, അന്തർദേശീയ വാർത്തകൾ എല്ലാംതന്നെ ഇതിൽപ്പെടുന്നവയാണ്. എന്നാൽ 112-ാം സങ്കീർത്തനത്തിൽ പറയുന്ന “ദുർവർത്തമാനം” മറ്റൊരു തലത്തിലുള്ളതാണ്. 112.7. “ദുർവർത്തമാനംനിമിത്തം അവൻ ഭയപ്പെടുകയില്ല. അവന്റെ ഹൃദയം യഹോവയിൽ ആശ്രയിച്ചു ഉറെച്ചിരിക്കും.” "He shall not be afraid of evil tidings: his heart is fixed, trusting in the Lord." ഇത് നാം വളരെ ഗൗരവത്തോടെ ചിന്തിക്കേണ്ട ഒരു വിഷയമാണ്. ഒരു വ്യക്തിയെക്കുറിച്ചോ സമൂഹത്തെക്കുറിച്ചോ, പ്രസ്ഥാനങ്ങളെക്കുറിച്ചോ പ്രചരിപ്പിക്കുന്ന അപകീർത്തികരമായ വാർത്തകൾ ആണ് Evil tidings (ദുർവർത്തമാനം). ദാവീദ് തന്റെ ജീവിതത്തിൽ ഇക്കാര്യം ധാരാളം അനുഭവിച്ച വ്യക്തിയാണല്ലോ. വളരെ ചെറുപ്പത്തിലേതന്നെ പലരിൽനിന്നും, രാജകീയ കൊട്ടാരത്തിൽനിന്നും, സുഹൃത്തുക്കളിൽനിന്നും ധാരാളം ദുർവർത്തമാനങ്ങൾ ദാവീദ് കേട്ടു. ചിലപ്പോഴൊക്കെ തളർന്നുപോയിട്ടുണ്ട്. പക്ഷേ നമുക്കെതിരെ വരുന്ന ദുർവർത്തമാനങ്ങളിൽ നാം തളർന്നുപോകരുത്. തന്റെ തലയിൽ പൂഴിവരിയിട്ട് ദാവീദ് പോയ വഴികളിലൂടെ പിൻഗമിച്ച ശിമെയിയെ നാം 2 ശമൂവേൽ 16:5-14-ൽ കാണുന്നു. അവിടെ ദാവീദിനെ ശപിക്കുകയാണ്. ദുർവർത്തമാനങ്ങൾ ദാവീദിന് ചുറ്റുംനിന്നും തന്റെ നേരെ വിരൽചൂണ്ടി. പക്ഷേ ദാവീദ് നമുക്ക് ധൈര്യം തന്നു. ദുർവർത്തമാനങ്ങൾ നിമിത്തം തളർന്നുപോകരുത് എന്ന് ദാവീദ് നമ്മെ പ്രബോധിപ്പിക്കുന്നു. 1 രാജാക്കന്മാർ 19:1-5 നാം ഈസേബെലിനെക്കുറിച്ച് വായിക്കുന്നു. ഏലീയാവിനെ കൊന്നുകളയുമെന്ന് ശപഥംചെയ്ത രാജ്ഞിയായിരുന്നുവല്ലോ ഈസേബെൽ. പക്ഷേ ഏലീയാവ് തളർന്നുപോയി - എന്നാൽ യഹോവ തന്നെ ഉറപ്പിച്ചുനിർത്തി.

“ഇന്ന് രാത്രി എന്നെ പിടിക്കും നാളെ കുരിശിൽ തറക്കും” (മത്തായി 26:2). പക്ഷേ യേശു പതറിയില്ലെന്നുതന്നെയല്ല അവൻ അതിന്നായി ഒരുങ്ങി. എബ്രായർ 12:2 തനിക്കു മുന്നിൽവെച്ചിരുന്ന സന്തോഷം നിമിത്തം കുരിശ് സഹിച്ചു, എന്തുകൊണ്ട് പതറിപ്പോയില്ല. അവൻ തന്റെ പിതാവിൽ ആശ്രയിച്ചു. മത്തായി 27:46. “എന്റെ ദൈവമേ എന്റെ ദൈവമേ നീ എന്നെ കൈവിട്ടത് എന്ത്?”

നമ്മെക്കുറിച്ച് ദുർവർത്തമാനങ്ങൾ പറയുമ്പോൾ യവനികക്ക് അകത്ത് പ്രവേശിച്ച ഭക്തന്മാരെപ്പോലെ ഹൃദയം ഉറെച്ചിരിക്കണം. പതറിപ്പോകരുത്. പതറിപ്പോയാലും കർത്താവ് നമ്മെ കൈവിടില്ല. ഏലീയാവിനെപ്പോലെ നമ്മേയും കരുതാ

തിരിക്കുകയില്ല. നമ്മുടെ ജീവിതം പൂർണ്ണമായും ദൈവത്തിൽ സമർപ്പിതമായിരിക്കണം. അവനിൽ നാം ആശ്രയിക്കണം. ലോകത്തിൽ ആശ്രയിക്കുന്നവനും, ബാങ്ക്ബാലൻസിൽ ആശ്രയിക്കുന്നവനും, ഡോക്ടർ, മരുന്ന് എന്നിവയിൽ ആശ്രയിക്കുന്നവരും സ്വന്തം ബുദ്ധിയിലും രാഷ്ട്രീയ, സാമുദായിക നേതാക്കന്മാരിൽ ആശ്രയിക്കുന്നവരും വിവിധ മേഖലകളിൽനിന്നും ഉയരുന്ന ദുർവർത്തമാനങ്ങൾ നിമിത്തം തളർന്നുപോകാം. എന്നാൽ ദൈവത്തിൽ ആശ്രയിക്കുന്നവരെ ദൈവകൃപ സംരക്ഷിക്കും. ഒരു കുറ്റവും ചെയ്യാത്ത യേശുവിനെയും സുവിശേഷം പ്രസംഗിക്കുകമാത്രം ചെയ്ത ശിഷ്യന്മാരെയും വെറുതെവിടാത്ത ഒരു 'സിസ്റ്റം' ഇന്നും ലോകത്ത് നിലനിൽക്കുന്നുണ്ട്.

ദൈവത്തിൽ ആശ്രയിക്കുന്നവർ ദുർവർത്തമാനങ്ങൾ നിമിത്തം തളർന്നുപോകില്ല. അവരുടെ ഹൃദയം ഉറെച്ചിരിക്കുന്നു. വീണാലും വീണു കിടക്കുകയില്ല. യഹോവ അവനെ കൈകൊണ്ട് താങ്ങുന്നു (സങ്കീർത്തനം 37:24).

നമ്മുടെ വിശ്വാസജീവിതത്തിലെ ഒരു വില്ലനാണ് "ദുർവർത്തമാനങ്ങൾ" അത് നമ്മെ തളർത്തുവാൻ ശക്തിയുള്ളതാകയാൽ നാമും ദുർവർത്തമാനങ്ങളാൽ മറ്റൊരാളെ തളർത്തരുത്. ദുർവർത്തമാനങ്ങൾ നിമിത്തം തളരരുത്. എന്ന് മാത്രമല്ല നാം മുഷിഞ്ഞുപോകുകയും അരുത്; നമ്മെക്കുറിച്ച് ഇല്ലാത്തകാര്യങ്ങൾ ദുർവാർത്തകളായി സൃഷ്ടിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുമ്പോൾ അങ്ങനെ ചെയ്യുന്നവരെ വെറുക്കാതിരിപ്പാനും നമുക്ക് ദൈവകൃപ വേണം. ചുരുക്കത്തിൽ ദുർവർത്തമാനങ്ങൾ നിമിത്തം തളരാതിരിപ്പാനും മുഷിയാതിരിപ്പാനും ദൈവത്തിൽ തന്നേ ആശ്രയിക്കണം. മറ്റൊരാളിലേക്ക് നെഗറ്റീവ്എനർജി പകർത്തുന്ന വാക്കുകളോടെല്ലാം നമുക്ക് യാത്ര പറയണം. ദുർവർത്തമാനങ്ങൾ പെട്ടെന്ന് കെട്ടുപോകും. പക്ഷേ ദൈവത്തിലുള്ള ആശ്രയം നശിച്ചുപോകയില്ല.

**സദ്‌വാർത്ത അല്ലെങ്കിൽ സുവാർത്ത കേൾക്കാൻ ഇമ്പവും ആശ്വാസകരവും സമാധാനപൂർണ്ണവുമാണ്. സുവിശേഷം മാത്രമല്ല സുവാർത്തകൾ മറ്റൊരാളെക്കുറിച്ച്, പ്രസ്ഥാനത്തെക്കുറിച്ച്, പ്രവർത്തനങ്ങളെക്കുറിച്ച് സത്യസന്ധമായി നന്മകൾ കണ്ടെത്തുന്നതും പറയുന്നതും സദ്വാർത്തകൾ ആണ് ദുർവർത്തമാനങ്ങളാൽ കെട്ടിപ്പൊക്കുന്ന ഒന്നും നിലനിൽക്കുന്നവയല്ല. പ്രവാചകൻ പറയുന്നതുപോലെ (യെശയ്യ 50:4). ശിഷ്യന്മാരുടെ നാവ് നമുക്കുണ്ടെങ്കിൽ ദുർവർത്തമാനങ്ങൾ പറയില്ല. ഹൃദയത്തിൽ നിറയുന്ന നന്മകൊണ്ട് സദ്‌വർത്തമാനങ്ങൾ നമ്മൾ കൈമാറും.**

പ്രിയ വായനക്കാരെ, നമ്മൾ ദൈവത്തിന്റെ മക്കളാണല്ലോ ദുർവർത്തമാനങ്ങൾ നമുക്ക് വേണ്ട. നമ്മെക്കുറിച്ച് ആരെങ്കിലും ദുർവർത്തമാനങ്ങൾ പറഞ്ഞാൽ തളർന്നുപോകരുത്. ഭയപ്പെടുത്തുകയും സങ്കടപ്പെടുത്തുകയും ചെയ്യുന്ന ദുർവർത്തമാനങ്ങൾ നിമിത്തം നാം ഭയപ്പെടുകയും അരുത്. മറിച്ച് നാം സദ്‌വർത്തമാനങ്ങളുടെ വാഹകരും സൂക്ഷിപ്പുകാരുമാകണം. നമ്മുടെ നാവ് ശിഷ്യന്മാരുടെ നാവുപോലെ പവിത്രമായി സൂക്ഷിക്കണം. ഈ ജയകരമായ ജീവിതത്തിന് ഒരു മാർഗ്ഗമേ ഉള്ളൂ. ദൈവത്തിൽ ആശ്രയിക്കുക. നന്മയെ അന്വേഷിച്ച് കണ്ടെത്തി അതിനെ പിൻതുടരുക കർത്താവ് അതിനായി നമ്മെ സഹായിക്കും.

## സഫൽ ക്ലബുകൾ

**സ്കൂൾ, കോളേജ് വിദ്യാർത്ഥികളിൽ ക്രിസ്തീയമൂല്യങ്ങൾ വളർത്തുന്നതിനും, അവരുടെ മാനസിക-വൈകാരിക വ്യക്തിത്വവികാസത്തിനു ഊന്നൽനൽകുന്നതുമായ ഒത്തുചേരലുകളാണ് സഫൽ ക്ലബ്. ബൈബിൾ അധിഷ്ഠിത ജീവിതപാഠങ്ങൾ, ഗാനങ്ങൾ, രസകരമായ ഗെയിമുകൾ, ചിന്തോദ്ദീപകങ്ങളായ ചർച്ചകൾ, പ്രാർത്ഥന എന്നീ ക്രിയാത്മകമായ പ്രവർത്തനങ്ങളെല്ലാം ഒത്തുചേരുന്ന സന്ദർഭങ്ങളാണ് കുട്ടികൾക്കായി ഒരുക്കപ്പെടുന്നത്. എറണാകുളം ജില്ലയിലും, മറ്റു ജില്ലകളിലും വിവിധ പ്രദേശങ്ങളിലായി സഫൽ ക്ലബുകൾ രൂപീകരിക്കുവാൻ ആഗ്രഹിക്കുന്നു. താങ്കളുടെ പ്രദേശത്ത് ഇപ്രകാരം ഒരു ക്ലബ് ആരംഭിക്കുവാൻ താത്പര്യം ആണെങ്കിൽ ദയവായി ഞങ്ങളെ ബന്ധപ്പെടുക. സന്തോഷത്തോടെയും, ലക്ഷ്യബോധത്തോടെയും ജീവിതപാതയിൽ മുന്നോട്ടുപോകുവാൻ വിദ്യാർത്ഥികൾക്കായി ഒരുക്കപ്പെടുന്ന ഈ അവസരം പ്രയോജനപ്പെടുത്തണമേ എന്ന് ദൈവസ്നേഹത്തിൽ അഭ്യർത്ഥിക്കുന്നു.**

Ph: +91 8281616654, +91 9400306654

**എല്ലാ രണ്ടാം ശനിയാഴ്ചയും ക്രമീകരിക്കപ്പെടുന്ന ഈ പ്രോഗ്രാമിൽ പങ്കെടുക്കുവാനും അതിൽനിന്ന് പ്രയോജനം നേടുവാനും എല്ലാ വിദ്യാർത്ഥികളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.**

**എല്ലാ മാസത്തെയും രണ്ടാം ശനിയാഴ്ച**
**അല്ലപ്ര മിഷൻസെന്ററിൽവെച്ച് സഫൽ ക്ലബുകൾ നടത്തപ്പെടുന്നു.**



ജീവിത ചിന്തകൾ

ഡോ. നെൽസൺ മാത്യു വാലയിൽ

# ദൈവം നമ്മോടു ചോദിക്കുന്നത്

മതം മനുഷ്യന്റെ ചരിത്രത്തോളം പഴക്കമുള്ളതാണ്. കാലങ്ങൾ മാറി, സംസ്കാരങ്ങൾ മാറി, ആരാധനാരീതികൾ മാറി, പക്ഷേ ക്രിയകൾ കൊണ്ട് ദൈവത്തെ പ്രസാദിപ്പിക്കാമെന്ന ചിന്താഗതിക്ക് ഇന്നും പ്രചാരമാണ്. കൂടുതൽ വഴിപാടുകൾ അർപ്പിക്കണം, കൂടുതൽ കഷ്ടപ്പെടണം, കൂടുതൽ മതപരമായ ആചാരങ്ങളിൽ ഏർപ്പെടണം എന്നാണ് നമ്മുടെ ചിന്ത.

എന്നാൽ ദൈവം യഥാർത്ഥത്തിൽ എന്താണ് മനുഷ്യനിൽനിന്നും ആഗ്രഹിക്കുന്നത്?

ഇത് മനുഷ്യചരിത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട ചോദ്യങ്ങളിൽ ഒന്നാണ്. കാരണം ഈ ചോദ്യത്തിന് തെറ്റായ ഉത്തരം കിട്ടിയാൽ, ഒരാൾ ജീവിതകാലം മുഴുവൻ ദൈവത്തിന്റെ ഹൃദയം മനസ്സിലാക്കാതെപോകും. പുറമേ ആത്മീയനായി സ്വയം തോന്നുകയും ഹൃദയപ്രകാരം ദൈവത്തിൽ നിന്ന് ഏറെ അകലെയായി ജീവിക്കുകയും ചെയ്യും.

മീഖാപ്രവാചകന്റെ കാലത്ത് സംഭവിച്ചതും അതുതന്നെയായിരുന്നു. യെഹൂദാദേശം അന്ന് ആത്മീയമായി വളരെ സജീവമാണെന്ന് പുറമേ തോന്നുമായിരുന്നു. യാഗങ്ങൾ അർപ്പിക്കപ്പെട്ടിരുന്നു. ആരാധനകൾ നടന്നിരുന്നു. ഉത്സവങ്ങൾ ആഘോഷിക്കപ്പെട്ടിരുന്നു. മതപരമായ എല്ലാ സംവിധാനങ്ങളും പ്രവർത്തിച്ചുകൊണ്ടിരുന്നു. എന്നാൽ സമൂഹത്തിൽ അനീതി വർദ്ധിച്ചിരുന്നു. അധികാരമുള്ളവർ ദുർബലരെ ചൂഷണംചെയ്യുകയും ധനികർ ദരിദ്രരുടെ അവകാശങ്ങൾ കവരുകയും ചെയ്തു. നേതാക്കന്മാർ അഴിമതിയിൽ മുങ്ങി. ജനങ്ങൾ ദൈവത്തെ ആരാധിച്ചുകൊണ്ടിരുന്നെങ്കിലും അവരുടെ ജീവിതം ദൈവത്തിന്റെ സ്വഭാവത്തെ പ്രതിഫലിപ്പിക്കുന്നതായിരുന്നില്ല.

ഇത് ആത്മീയതയുടെ ഒരു വലിയ അപകടമാണ്. മതാചാരങ്ങൾക്കിടയിൽ ദൈവഭക്തി നഷ്ടപ്പെടുന്നു. ആരാധനാരീതികൾ തുടരുന്നു, പക്ഷേ സ്നേഹം ഇല്ലാതാകുന്നു. പ്രാർത്ഥന ഗംഭീരമായി നടക്കുന്നു, പക്ഷേ കരുണ നഷ്ടപ്പെടുന്നു. ശുശ്രൂഷകൾ ധാരാളമുണ്ട്, പക്ഷേ താഴ്മയില്ല.

സഭയിൽ സജീവമാണ്, എന്നാൽ വീട്ടിൽ കഠിനഹൃദയനാണ്. ദൈവത്തെക്കുറിച്ച് മനോഹരമായി സംസാരിക്കുന്നു, എന്നാൽ ജോലിസ്ഥലത്ത് സത്യസന്ധതയില്ലാതെ ജീവിക്കുന്നു. ഇതൊക്കെത്തന്നെയായിരുന്നു മീഖായുടെ കാലത്തെ ജനത്തിന്റെ അവസ്ഥയും.

മീഖാ ആറാം അദ്ധ്യായത്തിൽ നാം പ്രത്യേകതയുള്ള ഒരു രംഗം കാണുന്നു. അത് ഒരു കോടതിമുറിയെപ്പോലെയാണ്. ദൈവം തന്റെ ജനത്തോട് സംസാരിക്കുന്നു. അവൻ ആദ്യം തന്റെ വിശ്വസ്തത അവരെ ഓർമ്മിപ്പിക്കുന്നു. മിസ്രയീമിലെ അടിമത്തത്തിൽനിന്ന് അവരെ വിടുവിച്ചത് താനായിരുന്നു. മരുഭൂമിയിലൂടെ അവരെ നടത്തിയത് താനാ

യിരുന്നു. ശത്രുക്കളുടെ കയ്യിൽനിന്ന് അവരെ രക്ഷിച്ചത് താനായിരുന്നു. അവർ പലതവണ വീണപ്പോഴും അവരോട് കരുണകാണിച്ചത് താനായിരുന്നു. അതിനുശേഷം ദൈവം ചോദിക്കുന്നു: 'എന്റെ ജനമേ, ഞാൻ നിന്നോട് എന്തു ചെയ്തു? ഏതൊന്നിനാൽ ഞാൻ നിന്നെ മുഷിപ്പിച്ചു? എന്റെ നേരേ സാക്ഷീകരിക്ക' (മീഖാ 6:3). ഈ ചോദ്യത്തിൽ ഒരു പിതാവിന്റെ വേദന കാണാം. പ്രശ്നം ദൈവത്തിന്റെ വിശ്വസ്തതക്കായിരുന്നില്ല. പ്രശ്നം ജനങ്ങൾ ദൈവത്തെ തെറ്റായി മനസ്സിലാക്കിയതിലായിരുന്നു.

അവർ ചിന്തിച്ചത് തങ്ങളുടെ ആത്മീയ പ്രശ്നങ്ങൾക്കുള്ള കാരണം തങ്ങൾ മതിയായ യാഗങ്ങൾ അർപ്പിച്ചിട്ടില്ലാത്തതായിരിക്കാം. കൂടുതൽ എന്തെങ്കിലുമൊക്കെ ദൈവത്തിന് നൽകേണ്ടതുണ്ട്. അതുകൊണ്ട് അവർ ചോദിച്ചു: "എന്തൊന്നുകൊണ്ടു ഞാൻ യഹോവയുടെ സന്നിധിയിൽ ചെന്നു, അത്യുന്നതദൈവത്തിന്റെ മുമ്പാകെ കുമ്പിടേണ്ടു? ഞാൻ ഹോമയാഗങ്ങളോടും ഒരു വയസ്സു പ്രായമുള്ള കാളക്കിടാക്കളോടുംകൂടെ അവന്റെ സന്നിധിയിൽ ചെല്ലേണമോ? ആയിരം ആയിരം ആട്ടുകൊറ്റനിലും പതിനായിരം പതിനായിരം തൈലനദിയിലും യഹോവ പ്രസാദിക്കുമോ? എന്റെ അതിക്രമത്തിന്നുവേണ്ടി ഞാൻ എന്റെ ആദ്യജാതനെയും ഞാൻ ചെയ്ത പാപത്തിന്നുവേണ്ടി എന്റെ ഉദരഫലത്തെയും കൊടുക്കേണമോ? (മീഖാ 6:6,7). അതിനു ദൈവം കൊടുത്ത മറുപടി ഇപ്രകാരമായിരുന്നു 'മനുഷ്യാ, നല്ലത് എന്തെന്ന് അവൻ നിനക്കു കാണിച്ചുതന്നിരിക്കുന്നു: ന്യായം പ്രവർത്തിപ്പാനും ദയാതത്പരനായിരിപ്പാനും നിന്റെ ദൈവത്തിന്റെ സന്നിധിയിൽ താഴ്മയോടെ നടപ്പാനും അല്ലാതെ എന്താകുന്നു യഹോവ നിന്നോടു ചോദിക്കുന്നത്?' (മീഖാ 6:8).

അവർ യാഗങ്ങളെക്കുറിച്ചാണ് സംസാരിച്ചതെങ്കിൽ ദൈവം ജീവിതത്തെക്കുറിച്ച് സംസാരിക്കുകയായിരുന്നു. അവർ വഴിപാടുകളെക്കുറിച്ച് ചിന്തിച്ചപ്പോൾ ദൈവം സ്വഭാവത്തെക്കുറിച്ച് ചിന്തിക്കുകയായിരുന്നു.

അവർ ചോദിച്ചത്, "ഞങ്ങൾ എന്ത് കൊണ്ടുവരണം?" എന്നായിരുന്നു. ദൈവം ചോദിച്ചത്, "നിങ്ങൾ എങ്ങനെ ജീവിക്കുന്നു?" എന്നായിരുന്നു.

ഈ തെറ്റിദ്ധാരണ ഇന്നും നിലനിൽക്കുന്നു. പലരും ആത്മീയതയെ അളക്കുന്നത് മതപരമായ പ്രവർത്തനങ്ങളുടെ അളവുകൊണ്ടാണ്. എത്ര പ്രാവശ്യം പ്രാർത്ഥിക്കുന്നു, എത്ര ഉപവാസം അനുഷ്ഠിക്കുന്നു, എത്ര സഭായോഗങ്ങളിൽ പങ്കെടുക്കുന്നു, എത്ര ശുശ്രൂഷ ചെയ്യുന്നു എന്നിങ്ങനെ. ഇവയ്ക്കെല്ലാം പ്രാധാന്യമുണ്ട്. എന്നാൽ ഇവയെല്ലാം ഉണ്ടായിട്ടും ഒരാൾ ദൈവത്തിൽനിന്നും അകലെയായി ജീവിക്കുകയായിരിക്കാം.

യേശുക്രിസ്തുവിന്റെ ജീവിതം നോക്കുമ്പോൾ മീഖാ 6:8-ന്റെ പൂർണ്ണരൂപം നാം കാണുന്നു. അവൻ ന്യായം പ്രവർത്തിച്ചു. അവൻ ദയയെ സ്നേഹിച്ചു. അവൻ തന്റെ പിതാവിനോടൊപ്പം താഴ്മയോടെ നടന്നു. "ദൈവം എന്താണ് ആവശ്യപ്പെടുന്നത്?" മീഖാ ചോദിച്ച ചോദ്യത്തിന് യേശുവിന്റെ ജീവിതം തന്നെയാണ് ഉത്തരം. "ഞങ്ങൾ എന്താണ് കൊണ്ടുവരേണ്ടത്?" എന്ന ജനങ്ങളുടെ ചോദ്യത്തിനു ദൈവത്തിന്റെ മറുപടി ഇതാണ് : "നിങ്ങളുടെ ജീവിതം എനിക്ക് തരൂ." നീതിയോടെ ജീവിക്കുന്ന ഒരു ജീവിതം. ദയയെ സ്നേഹിക്കുന്ന ഒരു ജീവിതം.

ദൈവത്തോടൊപ്പം താഴ്മയോടെ നടക്കുന്ന ഒരു ജീവിതം. ഇതാണ് ദൈവം യഥാർത്ഥത്തിൽ ആവശ്യപ്പെടുന്നത്.

*ഇന്നും ദൈവം ആദ്യം അന്വേഷിക്കുന്നത് നമ്മുടെ പ്രവർത്തനങ്ങളെയല്ല, നമ്മുടെ ഹൃദയത്തെയാണ്. ന്യായം പ്രവർത്തിപ്പാനും ദയാതത്പരനായിരിപ്പാനും നിന്റെ ദൈവത്തിന്റെ സന്നിധിയിൽ താഴ്മയോടെ നടപ്പാനും അല്ലാതെ എന്താകുന്നു യഹോവ നിന്നോടു ചോദിക്കുന്നത്?*


ഫെയ്സ്ബുക്ക് പേജ്

www.facebook.com/egmofindia

രക്ഷാ സന്ദേശം

എല്ലാ ഞായറാഴ്ച്ചയും തിരുവചനഭാഗത്ത്
നിന്നുള്ള ധ്യാനചിന്തകൾ






ക്രിസ്തീയ കുടുംബം



പ്രൊഫ. ജോൺ സഖറിയ

# വിവാഹപൂർവ്വ/ വൈവാഹിക കൗൺസലിംഗ്

ക്രിസ്തീയ കുടുംബം എന്ന വിഷയത്തിന്റെ അടിസ്ഥാന തത്വങ്ങൾ കഴിഞ്ഞ 16 ക്ലാസുകളിൽ നാം മനസ്സിലാക്കാൻ ശ്രമിച്ചു. വിവാഹത്തിനു മുമ്പ് കൗൺസലിംഗ് അത്യന്താപേക്ഷിതമായ ഒരു കാലഘട്ടത്തിൽ ആണ് നാം ജീവിക്കുന്നത്. വിവാഹത്തിനുമുമ്പ് കൗൺസലിംഗ് ലഭിച്ചവർക്കും ലഭിക്കാത്തവർക്കും വിവാഹശേഷവും ഓരോ ഘട്ടങ്ങളിൽ കൗൺസലിംഗ് ലഭിക്കുന്നത് (updates) വളരെ അത്യാവശ്യമാണെന്ന് ഈ കാലങ്ങളെയും ഈ കാലങ്ങളിൽ ജീവിക്കുന്നവരെയും പറ്റി ബോദ്ധ്യമുള്ളവർ മനസ്സിലാക്കുന്നു.

വിവാഹപൂർവ്വ/വൈവാഹിക കൗൺസലിംഗ് ആവശ്യമായിരിക്കുന്നത് വിവാഹത്തോടുള്ള ബന്ധത്തിൽ നാം പഠിച്ചതും പഠിക്കാൻ പോകുന്നതുമായ കാര്യങ്ങൾ വസ്തുനിഷ്ഠമായി മാത്രമല്ല വ്യക്തിനിഷ്ഠമായും അറിയേണ്ടതുണ്ട് എന്നതുകൊണ്ട് മാത്രമല്ല; രണ്ട് പശ്ചാത്തലത്തിൽനിന്ന് വിവാഹിതരാകുവാൻ പോകുന്ന/ വിവാഹിതരായ സ്ത്രീപുരുഷന്മാരുടെ വ്യത്യസ്തവും വൈകാരികവും ബൗദ്ധികവും സങ്കീർണ്ണവുമായ സ്വഭാവവിശേഷങ്ങൾകൊണ്ടുകൂടെയാണ്. ആയത് മുൻകാലങ്ങളെക്കാൾ ആധുനിക ശാസ്ത്ര, സാമൂഹ്യ യുഗത്തിൽ വളരെ ക്ലിഷ്ടമാണ്. വിവാഹപങ്കാളികൾ ആകുന്ന സ്ത്രീയും പുരുഷനും മൂന്ന് തലമുറകൾക്ക് മുമ്പും വ്യത്യസ്ത സ്വഭാവവിശേഷങ്ങൾ ഉള്ളവർ ആയിരുന്നെങ്കിലും വളരെയധികം ഇണങ്ങി, പൊരുത്തപ്പെട്ട്, തട്ടിയും മുട്ടിയും, സംതൃപ്തമായി പോകുമായിരുന്നു; പ്രത്യേകിച്ച് സ്ത്രീകളിൽ പലരും വളരെ പീഡനങ്ങളിൽക്കൂടെ കടന്നുപോയിട്ടുണ്ടെങ്കിലും. എന്നാൽ ഇന്ന് സ്ഥിതി അതല്ല. സ്ത്രീപീഡനങ്ങൾ ഇന്നും ഉണ്ടെങ്കിലും വേദന അനുഭവിച്ച്, സഹിച്ച്, ക്ഷമിച്ച്, പോകുന്നതിന് ക്ഷമയില്ലാത്ത ഒരു സമൂഹമാണ് ഇന്നുള്ളത്. വിദ്യാഭ്യാസം അതിന് സഹായകരമായിട്ടുണ്ടുതാനും. അതുമാത്രമല്ല, നിയമപ്രകാരം സ്ത്രീകൾക്ക് കൂടുതൽ പരിരക്ഷ ഉള്ള ഈ കാലഘട്ടത്തിൽ സ്ത്രീകളെപ്പോലെയോ അതിൽ കൂടുതലോ പീഡനങ്ങൾക്ക് ഇരയായിക്കൊണ്ടിരിക്കുന്ന, പരിരക്ഷയില്ലാത്ത, പുരുഷന്മാരുടെ അവസ്ഥയും ഗൗരവമായി കാണേണ്ടിയിരിക്കുന്നു. ക്രിസ്തീയസമൂഹത്തിൽ, വിശ്വാസികൾ എന്ന് പേർപറയപ്പെടുന്നവരുടെ ഇടയിൽ, സഹനശക്തി കുറയുന്നതിന്റെ വെളിച്ചത്തിൽ, മറ്റു മതസ്ഥരുടെ ഇടയിൽ ഉള്ളതിനേക്കാൾ വിവാഹമോചനങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. വിവാഹമോചനം നടന്നില്ലെങ്കിൽപ്പോലും ഒരു കൂരയ്ക്കുള്ളിൽ ജീവിക്കുന്ന ഭർത്താവും ഭാര്യയും പരസ്പരബന്ധമില്ലാത്തവരായും അതിലുപരി അവരിൽ ചിലരെങ്കിലും പരപുരുഷ/ സ്ത്രീ ബന്ധമുള്ളവരായും കാണപ്പെടുന്നു എന്ന അധാർമ്മിക അവസ്ഥക്കുനേരെ കണ്ണടച്ചുകൂടാ.

ജനിച്ചു വളർന്നുവന്ന സാഹചര്യവും സമൂഹവും മൂന്ന് വിധത്തിൽ വ്യക്തികളുടെ സ്വഭാവങ്ങളെ, സ്വത്വത്തെ, ബാധിക്കുന്നതായി മനശാസ്ത്ര/ കൗൺസലിംഗ് വിദഗ്ധർ വിലയിരുത്തുന്നു. ആ പശ്ചാത്തലങ്ങളുടെയും അനുഭവങ്ങളുടെയും നീരാളിപ്പിടുത്തത്തിൽനിന്ന് വിമുക്തി പ്രാപിക്കുക എന്ന ലക്ഷ്യവും ക്രിസ്തീയ കൗൺസലിംഗിൽ ഉൾപ്പെടുത്തേണ്ടതുണ്ട്.

1. സ്വത്വ പ്രതിസന്ധി
2. തിരസ്കരണ അനുഭവങ്ങൾ
3. സ്വയത്തിന്റെ/ജഡത്തിന്റെ നാശമുഖം.

ഈ ത്രിമുഖ പ്രശ്നങ്ങളെ അഭിമുഖീകരിക്കാതെയും പരിഹരിക്കാതെയും ഉള്ള വിവാഹപൂർവ്വ കൗൺസലിംഗ് നടത്തിയിട്ടും വിവാഹബന്ധങ്ങൾ തകരുന്ന ഉദാഹരണങ്ങൾ ഇന്ന് ധാരാളം. ആയതിനാൽ ഇവയെപ്പറ്റി വളരെ ചുരുക്കമായി നമുക്ക് ശ്രദ്ധിക്കാം.

1. സ്വത്വ പ്രതിസന്ധി (Identity crisis)

ഞാനാരാണ്? ആരായിത്തീരണം? എങ്ങനെ ആയിത്തീരാം? എന്നീ വിഷയങ്ങളെപ്പറ്റി ചിന്തിക്കുന്നവരും ചിന്തിക്കാത്തവരും ധാരാളം. ചിന്തിക്കാത്തവർ സ്വത്വപ്രതിസന്ധിയിലൂടെ കടന്നുപോകുന്നു എങ്കിലും അതവർ മനസ്സിലാക്കുന്നില്ല; തത്ഫലമായി പരിഹാരവുമില്ല. അതേസമയം സ്വത്വ പ്രതിസന്ധിയെപ്പറ്റി ബോദ്ധ്യമുള്ളവർ പ്രത്യേകിച്ച് പുത്തൻ തലമുറകൾ (Gen Z, Gen Alpha) തങ്ങളുടെ സ്വത്വത്തെ എങ്ങനെ നിർമ്മിച്ചെടുക്കാം എന്ന് സ്വയം കണ്ടുപിടിച്ച് അവസാനം താളം തെറ്റി കൂപ്പുകുത്തുന്നതായി കാണാം. അവർ ഉണ്ടാക്കിയെടുക്കുന്ന സ്വത്വം സ്വാർത്ഥപരവും സമൂഹവുമായി സമഗ്രമായി പൊരുത്തപ്പെടാത്തതും തങ്ങളുടെ തലമുറയിലുള്ളവർ അഭിമാനിക്കുന്നതെങ്കിലും ആ തലമുറകളിൽ ഉള്ളവരായിട്ടുപോലും സംഘർഷം ഉണ്ടാക്കുന്നതും അത്രേ; അതിനാൽ ബന്ധങ്ങളിൽ, പ്രത്യേകാൽ ജീവിതാന്ത്യംവരെ നിലനിൽക്കേണ്ട വിവാഹബന്ധങ്ങളിൽ, തകർച്ചയുണ്ടാക്കുന്നതും ആകുന്നു. മാത്രമല്ല പ്രായോഗികതയില്ലാത്ത സ്വത്വരൂപകൽപ്പനയുടെ ഭാഗമായി വിവാഹബന്ധങ്ങൾ പോലും സ്ഥിരമായി നിലനിൽക്കേണ്ട ആവശ്യമില്ല എന്ന ചിന്തയെ സുവർണ്ണനിയമമായി ഈ തലമുറകൾ കണക്കാക്കി വിവാഹബന്ധങ്ങൾ മുറിക്കുന്നതിന് മടിയില്ലാത്തവരായിത്തീരുന്നു. ഈ മനോഭാവത്തിന്റെയും അനുഭവത്തിന്റെയും വകഭേദങ്ങൾ (ലഘുവെന്ന് തോന്നാമെങ്കിലും ജീവിതത്തെ അസ്വസ്ഥതപ്പെടുത്തുന്ന) ക്രിസ്തീയ വിശ്വാസികളിലും ഉണ്ടെന്നുള്ളതാണ് സത്യം. ആയത് സൗഭാഗ്യ വിവാഹ ജീവിതത്തെ വിരസമാക്കുകയോ നശിപ്പിക്കുകയോ ചെയ്യുന്നു. ആയതിനാൽ സ്വത്വ പ്രതിസന്ധിയെ കൈകാര്യംചെയ്യാതെയുള്ള വിവാഹപൂർവ്വ കൗൺസലിംഗ് മതിയായതല്ല (സ്വത്വപ്രതിസന്ധി, പരിഹാര വഴികൾ ഈ ലേഖനത്തിനതീതം)

2. തിരസ്കരണ അനുഭവങ്ങൾ (Rejection experiences)

ശൈശവം മുതലല്ല, ഗർഭസ്ഥശിശു ആയിരിക്കുന്ന കാലം മുതൽ, മനുഷ്യർ കടന്നുപോകുന്ന ധാരാളം തിരസ്കരണ അനുഭവങ്ങൾ മറ്റുള്ളവരുമായും ദൈവവുമായിപ്പോലും സൗഹൃദത്തിൽ ജീവിക്കുവാൻ തടസ്സമായി പലർക്കും തീരുന്നുണ്ട് എന്ന സത്യവും അറിയാൻ പാടില്ലാത്ത ഒരു വലിയ സമൂഹം എന്നുമുണ്ട്. അവയെപ്പറ്റി ബോദ്ധ്യമുള്ളവർ പോലും അതിനുള്ള പരിഹാരവഴികൾ മാനുഷികമായും ലോകപരമായും തേടുകയും പരാജയപ്പെടുകയും ചെയ്യുന്നു. ആയവ സ്വന്തം സ്വത്വത്തെ നിഷേധാത്മകമായി ബാധിക്കുന്നു; ബന്ധങ്ങളെ തകർക്കുന്നു.

രണ്ടുവിധത്തിലുള്ള തിരസ്കരണ അനുഭവങ്ങൾ ഉണ്ട്; ഒന്ന് പ്രത്യക്ഷമായത് (overt); മറ്റേത് നിഗൂഢമായത് (covert). ഒരു ചെറിയ ഉദാഹരണം: 'നിന്നെ ഒന്നിനും കൊള്ളിക്കത്തില്ല' എന്ന് മാതാപിതാക്കളോ ഗുരുക്കളോ പറഞ്ഞാൽ ഉണ്ടാകുന്ന തിരസ്കരണം പ്രത്യക്ഷമായത്; 'മോനേ നിന്റെ ചേട്ടൻ ചെയ്യുന്നതെല്ലാം നിനക്കു ചെയ്യാൻ സാധിക്കുകയില്ല'; അല്ലെങ്കിൽ 'നിനക്കു ചെയ്യാൻ സാധിക്കാത്തതുകൊണ്ട് ഞാൻ നിനക്കുവേണ്ടി ചെയ്തുതരാം' എന്ന് മാതാപിതാക്കൾ പറയുന്നതിന്റെ ഫലമായത് നിഗൂഢം. (വിശദപഠനം ഈ ലേഖനത്തിനതീതം)

ഇതുപോലെയുള്ള തിരസ്കരണ അനുഭവങ്ങൾ ഉള്ളവർ മറ്റുള്ളവരെ തിരസ്കരിക്കുന്നവരോ മറ്റുള്ളവരുടെ അംഗീകാരത്തിനുവേണ്ടി നാശകരമായ വഴികൾപോലും തെരഞ്ഞെടുക്കുന്നവരോ ആയിത്തീരാം. ആയതുതന്നെ ബോധപൂർവ്വമോ അബോധപൂർവ്വമോ ആയിരിക്കാം. ഇത്തരം തിരസ്കരണ അനുഭവങ്ങളിൽക്കൂടെ കടന്നുപോയവർ അവക്ക് പരിഹാരം കണ്ടെത്താതെ വിവാഹിതരായാൽ അവർ പരാജയത്തിലേക്ക് കൂപ്പുകുത്തിയാൽ അതിശയിക്കാനില്ല.

3. സ്വയം(ജഡം)

മനുഷ്യൻ ജന്മനാ പൊതുവേ സ്വാർത്ഥനാണ്. കൊച്ചു കുഞ്ഞുങ്ങൾ പോലും തങ്ങൾക്ക് താത്പര്യമുള്ളത് നേടിയെടുക്കുവാൻ ശാഠ്യംകാണിക്കുന്നവരല്ലേ? തങ്ങൾക്ക് കിട്ടിയതല്ലെങ്കിലും കിട്ടിയതായാലും മറ്റുള്ളവർക്ക് കൊടുക്കുവാൻ താത്പര്യമുള്ളവർ എത്രപേരുണ്ട്? സ്വാർത്ഥത നേട്ടങ്ങൾ ഉണ്ടാക്കും എന്ന് തോന്നാമെങ്കിലും നഷ്ടപ്പെടുന്നത് നല്ല സ്വത്വം, സ്വസ്ഥത, സംതൃപ്തി, സമാധാനം ഇവയാണ്. "മറ്റുള്ളവന്റേത് എനിക്ക് വേണം: അവന് നഷ്ടമുണ്ടായാലും വേദനയുണ്ടായാലും എനിക്ക് നേടണം" എന്ന ചിന്ത സ്വയംകേന്ദ്രീകൃതമായ (selfishness) സ്വാർത്ഥത അത്രേ. 'മറ്റുള്ളവന്റേത് എനിക്ക് വേണ്ട; എന്റേത് ഞാൻ ആർക്കും വിട്ടുകൊടുക്കില്ല' എന്നതും സ്വാർത്ഥതയുടെ മറ്റൊരു മുഖമാണ് (self-centeredness). പ്രശ്നം എന്തെന്ന്വെച്ചാൽ ഈവിധം നേടുന്നത് ഒന്നും തന്നെ ആത്യന്തിക ആന്തരികസൗഖ്യമോ സന്തുഷ്ടിയോ നൽകുന്നില്ല എന്നുള്ളതാണ് സത്യം. (വിശദപഠനം ഈ ലേഖനത്തിനതീതം).

(ശേഷം പേജ് 12 – ൽ)



ജീവിത സായാഹ്നം

ബാബു അരഞ്ചേരി

# മറന്നുവെച്ച മൺകുടത്തിന്റെ പ്രസംഗം

സന്ധ്യമയങ്ങി. ഞാൻ നടന്നു നടന്നു സുഖാറിലെ കിണറ്റിൻകരയിൽ എത്തി.

"ആരാ? എന്താ നോക്കുന്നത്?" ചോദ്യം കേട്ട് ഞാൻ ചുറ്റും നോക്കി. ആരെയും കാണുന്നില്ല. ആരോ മറന്നുവെച്ച ഒരു മൺകുടം മാത്രം ഇരിപ്പുണ്ട്. പുറത്തൊക്കെ പായൽ പിടിച്ചിരിക്കുന്നു. ഞാൻ ആ മൺകുടത്തിൽ ഒന്നു തൊട്ടുനോക്കി. അപ്പോൾ കുടത്തിൽനിന്നു വീണ്ടും ചോദ്യം ഉയരുന്നു, "ആരാ? എന്താണു തിരയുന്നത്?" എനിക്കു വിസ്മയം തോന്നി.

"വൃദ്ധനായ ഒരു അന്വേഷകനാണ്. രണ്ടായിരം വർഷം മുമ്പു നടന്ന ഒരു സംഭവത്തെപ്പറ്റി അറിയാൻ എത്തിയതാണ്. നിനക്കു പറഞ്ഞുതരുവാൻ കഴിയുമോ അന്നത്തെ സംഭവങ്ങളൊക്കെ? ഞങ്ങൾ സുവിശേഷത്തിൽ വായിക്കുന്നതെല്ലാം. അങ്ങനെ തന്നെ ആണോ? "ഭവ്യതയും, സന്ദേഹവും, ജിജ്ഞാസയും കുട്ടിക്കലർത്തി ഞാൻ പറഞ്ഞു. പെട്ടെന്നു കുടം വാചാലമായി. അന്നത്തെ സംഭവങ്ങളുടെ ചുരുൾ അഴിഞ്ഞു. ഇടെക്ക് ഒരു ചോദ്യത്തിന് അവസരം തരാതെ കുടം ഇടമുറിയാതെ സംസാരിച്ചു തുടങ്ങി.

"അതെ, ആദ്യം ഞാൻ എന്റെ കൊച്ചമ്മയെക്കുറിച്ചുള്ള ചില പ്രത്യേകതകൾ പറയാം.

***ഒന്നാമതായി അവൾ ശമര്യക്കാരി ആയിരുന്നു.*** യെഹൂദന്മാരാൽ അങ്ങേയറ്റം വെറുക്കപ്പെട്ടവർ. എന്താണു കാരണമെന്നോ?, യെഹൂദ്യയിലുള്ളവരെ ബാബിലോണിലേക്കു പ്രവാസികളായി കൊണ്ടുപോയില്ലേ? എഴുപതു വർഷം അവിടെ ജീവിച്ചില്ലേ? അവൾ യെഹൂദന്മാരെ തന്നെ വിവാഹംകഴിച്ച് നല്ല കുടുംബജീവിതം നയിച്ചു. പക്ഷേ, ഈ ശമര്യയിലോ? അസ്സീരിയക്കാർ വന്ന് ഇവിടത്തെ പുരുഷന്മാരെ മുഴുവൻ പിടിച്ചുകൊണ്ടുപോയി. പകരം അവിടത്തെ ആളുകളെ ഇറക്കുമതിചെയ്തു താമസിപ്പിച്ചു. അങ്ങനെ ഇവിടത്തുകാർ മുഴുവൻ സങ്കരവർഗ്ഗമായി. അതുകൊണ്ട് എന്റെ കൊച്ചമ്മ വർഗ്ഗീയമായി വെറുക്കപ്പെട്ടു.

***രണ്ടാമതായി അവൾ പേരുദോഷം ഉള്ളവളായിരുന്നു.*** സാമ്പത്തിക നിലവാരവും സാമൂഹ്യ നിലവാരവും മോശം അതുകൊണ്ടാണ് അവൾ സ്വയം വെള്ളംകോരാൻ പോകേണ്ടിവരുന്നത്. ബാക്കി എല്ലാ സ്ത്രീകളും രാവിലെ വെള്ളം കോരും. പക്ഷെ അവളോടു സംസാരിക്കാൻ ആർക്കും ഇഷ്ടമില്ലാത്തതുകൊണ്ട്, അടുത്തുള്ള കിണറുകളെ ഒഴിവാക്കി ഉച്ചസമയത്ത് ദൂരെനിന്നും വെള്ളംകോരാൻ പോകുന്നു.

***മൂന്നാമതായി ആത്മീയമായി അവൾ അന്ധയായിരുന്നു.*** യേശു നിത്യജീവജലത്തെക്കുറിച്ചു പറയുമ്പോൾ അക്ഷരാർത്ഥത്തിലാണ് അവൾ ഗ്രഹിച്ചത്. "ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവന്നു ദാഹിക്കയില്ല" എന്ന് യേശു പറഞ്ഞപ്പോൾ അവൾ അത് ആഗ്രഹിച്ചു. കാരണം, അതു കിട്ടിയാൽ പിന്നെ കിണറ്റിങ്കൽ വരാതിരക്കാമല്ലോ; മറ്റാരെയും കാണാതിരിക്കാമല്ലോ. പക്ഷെ "യാക്കോബിനെക്കാൾ നീ വലിയവനാണോ" എന്നു ചോദിച്ചത് അല്പം കഠിനമായിപ്പോയി. നിത്യജീവജലത്തെക്കുറിച്ചുള്ള അവളുടെ അജ്ഞത ആയിരുന്നു അങ്ങനെ ചോദിക്കാൻ പ്രേരിപ്പിച്ചത്.

***നാലാമതായി അവൾ അപമാനത്തിലാണ് ജീവിച്ചിരുന്നത്.*** വെള്ളം വേണമെന്നു പറഞ്ഞപ്പോൾ "ഭർത്താവിനെ വിളിച്ചുകൊണ്ടു വരിക" എന്ന് യേശു പറഞ്ഞില്ലേ? അതു വളരെ ന്യായമാണ്. യെഹൂദറബ്ബികൾ സ്ത്രീകളെ കണ്ടാൽ കണ്ണുപൊത്തുന്നവരായിരുന്നു." ഭാര്യയോടോ, മകളോടോ പൊതുസ്ഥലത്തുവെച്ച് സംസാരിക്കില്ല. അതുകൊണ്ട് വിജനമായ ഈ സ്ഥലത്തുവെച്ച് ഭർത്താവിന്റെ സാന്നിദ്ധ്യത്തിൽ സംസാരിക്കാൻ യേശു കാട്ടിയ മാന്യത ആയിരുന്നു അത്. "ഭർത്താവില്ല" എന്നു പറഞ്ഞപ്പോൾ അതിലൂടെ അവളുടെ പാപത്തെ യേശു തുറന്നുകാട്ടുകയായിരുന്നു. ഉടനെ അവൾ വിഷയം മാറ്റി. ആരാധനയിലേക്കു ശ്രദ്ധ തിരിക്കുകയാണ്. അഞ്ചു ഭർത്താക്കന്മാരുടെ കാര്യം ഒല്പം നിഗൂഢതയാണ്. ഒരുപക്ഷെ അഞ്ചു പേർ മരിച്ചുപോയതായിരിക്കാം. ദേവരധർമ്മത്തിലൂടെ ഭർത്താവിന്റെ സഹോദരന്മാരെ വിവാഹം കഴിച്ചതാകാം. അതോ അവർ അവളെ ഉപേക്ഷിച്ചുപോയതാണോ? അതോ വിഗ്രഹങ്ങളെ ആരാധിക്കുന്ന അഞ്ചു ജാതികൾ അസ്സീറിയയിൽ നിന്ന് ഇറക്കുമതിചെയ്യപ്പെട്ടതിന്റെ പ്രതീകമാണോ? അറിയില്ല. എങ്കിലും തന്റെ വർത്തമാനകാലജീവിതവും ഭൂതകാലവും അത്ര സുഖകരമല്ലെന്ന് സ്വയം ഗ്രഹിക്കുവാൻ യേശു അവളെ സഹായിച്ചു.

***അഞ്ചാമതായി ദൈവത്തെ ആരാധിക്കാൻ അവൾക്ക് അറിയില്ലായിരുന്നു.*** ഗെരിസീം മലയിലുള്ള ദൈവാലയത്തിൽ മാത്രമാണ് ദൈവം എന്ന് ശമര്യർ പഠിപ്പിച്ചു. യെരുശലേമിലെ ദൈവാലയത്തിൽ മാത്രമാണ് ദൈവം എന്ന് യെഹൂദന്മാർ പഠിപ്പിച്ചു പഞ്ചഗ്രന്ഥങ്ങളിൽ മാത്രമേ ശമര്യർ വിശ്വസിച്ചിരുന്നുള്ളു. അതുകൊണ്ട് അവരുടെ മതം അർദ്ധസത്യത്തിൽ അടിസ്ഥാനപ്പെട്ടതായിരുന്നു. അവൾ ജീവിച്ച സമൂഹത്തിന്റെ ആത്മീയ നിലവാരം നമുക്കു മനസ്സിലായല്ലോ.

ഇനി ഈ മഹിളയിൽനിന്നു നമുക്കു പഠിക്കാൻ ചില പാഠങ്ങൾ ഉണ്ട്.

*1) നമ്മുടെ ജീവിതാനുഭവം എന്തായിരുന്നാലും നാം മറ്റുള്ളവരോടു ദയ കാണിക്കണം.* യേശു വെള്ളം ചോദിക്കുമ്പോൾ നിരാകരിക്കാൻ എത്ര കാരണങ്ങൾ – യെഹൂദൻ, പുരുഷൻ, വിജനസ്ഥലം – എന്നിട്ടും വെള്ളം നൽകാൻ മനസ്സു കാണിച്ചു. പിന്നെ കാണുന്നത് അവൾക്കു ലഭിച്ച രക്ഷ മറ്റുള്ളവർക്കു നൽകാനായി ഓടുന്ന രംഗം! തനിക്കായി ഒതുക്കിവെക്കാതെ മറ്റുള്ളവരോടുള്ള ദയ പ്രവൃത്തിപഥത്തിൽ നാം കാണുകയാണ്. എന്തൊരു മാതൃക! നമ്മുടെ അവസ്ഥ എത്ര ദയനീയമാണെങ്കിലും നാം ദയ കാണിക്കണം.

*2) സ്ത്രീകൾക്കെതിരെ സമൂഹം നിർമ്മിച്ച വേലികളെ യേശു പൊളിച്ചു.*

മറ്റു റബ്ബിമാരിൽനിന്നു വ്യത്യസ്തനായി യേശു ഒറ്റക്ക് പൊതുസ്ഥലത്തുവെച്ചു സംസാരിച്ചു. ബന്ധനത്തിന്റെ മതിലുകൾ തകർത്തു. തന്റെ ശുശ്രൂഷയിൽ യേശു എന്നും അങ്ങനെ തന്നേ ആയിരുന്നു. സുവിശേഷം പറയാൻ സ്ത്രീകളെ ശക്തീകരിച്ചു.

*3) സ്വയം കാണാൻ യേശു നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നു.*

താൻ പറയുന്നത് അവൾ ശ്രദ്ധിക്കാതിരുന്നപ്പോൾ ഒരു പ്രസ്താവന നടത്തി അവളെ ഞെട്ടിച്ചു. അശുദ്ധിയിൽനിന്നു പുറത്തുവരാൻ സഹായിച്ചു. നമ്മളോടും യേശു ചിലപ്പോൾ അങ്ങനെ ചെയ്യും. സമർപ്പിച്ചിട്ടും ചില നിസ്സാര കാര്യങ്ങളെ അവഗണിക്കുമ്പോൾ! എന്തിനാണ്? മാലിന്യം മാറ്റി, വ്യക്തമായി യേശുവിനെ കണ്ട്, അവന്റെ വെളിച്ചത്തിൽ നടക്കാൻ!

*4) യേശുവിനു നിങ്ങളെ വേണം*

കഴിഞ്ഞ കാലം അവന് വിഷയമല്ല. അവളുടെ പഴയകാലം അറിഞ്ഞിട്ടും അതിന്റെ പേരിൽ അവളെ മാറ്റിനിർത്തിയില്ല! അവളിലെ സാദ്ധ്യതകളെ യേശു കണ്ടു. അതായിരുന്നു അവന്റെ ദൗത്യം. അവളെ രക്ഷയിലേക്കു കൊണ്ടുവന്നു. അവളിലൂടെ അനേകരെയും! നിന്നെയും യേശു സ്നേഹിക്കുന്നു. അവനെ സ്നേഹിക്കുമോ?

*5) യേശു തന്നെത്താൻ വെളിപ്പെടുത്തി.* പുതിയനിയമത്തിൽ ഒരിടത്തും യേശു താൻ മശിഹയാണെന്ന് ശമര്യക്കാരി ഒഴികെ ആരോടും പറഞ്ഞില്ല. തനിക്കു മശിഹായെക്കുറിച്ചുള്ള പരിമിത അറിവിന്മേൽ യേശുവിന്റെ അധികാരത്തെ അംഗീകരിച്ചപ്പോൾ, യേശു സ്വയം വെളിപ്പെടുത്തി. യേശു ഇന്നും അതു ചെയ്യും. നീ തയ്യാറാണോ?"

മൺകുടത്തിന്റെ പ്രസംഗം തീർന്നു. എന്റെ ഹൃദയം കത്താൻ തുടങ്ങി. "ഭക്ഷണത്തെക്കുറിച്ചു മാത്രം സംസാരിക്കുന്ന ആ ശിഷ്യന്മാരെക്കാൾ എനിക്കിഷ്ടം. ആ ശമര്യക്കാരിയെയാണ്" എന്ന് ഒരു ഭക്തൻ പറഞ്ഞത് ഓർത്തുകൊണ്ട് ഞാൻ പതുക്കെ നടന്നുനീങ്ങി.

■■■



വനിതാ
വിചാരം



സോജ ടോണി

# ദയ

അമേരിക്കയിലെ ഒരു ചെറിയ ഗ്രാമത്തിൽ ഹോവാർഡ് കെല്ലി എന്നു പേരുള്ള ഒരു പാവപ്പെട്ട ആൺകുട്ടി ഉണ്ടായിരുന്നു. ജീവിക്കാൻവേണ്ടി വീടുകൾതോറും നടന്നു ചെറിയ സാധനങ്ങൾ വിൽക്കുമായിരുന്നു. ഒരു ദിവസം സാധനങ്ങൾ വിൽക്കാൻ നടന്ന് ആകെ തളർന്നു കയ്യിലാണെങ്കിൽ ഒരു പൈസ പോലും ഇല്ല. വിശപ്പ് സഹിക്കാൻ വയ്യ. അടുത്തുകണ്ട വീട്ടിൽ കയറി വാതിലിൽ മുട്ടി ഭക്ഷണം ചോദിച്ചു. വാതിൽ തുറന്നത് ഒരു കൊച്ചു പെൺകുട്ടിയായിരുന്നു. ആദ്യം ഒന്നു മടിച്ചെങ്കിലും വിഷമത്തോടെ കുടിക്കാൻ കുറച്ചു വെള്ളം ചോദിച്ചു. അവന് നല്ല വിശപ്പുണ്ടെന്ന് ആ പെൺകുട്ടിക്ക് മനസ്സിലായി. അവൾ അകത്തു പോയി വെള്ളത്തിന് പകരം വലിയ ഒരുഗ്ലാസ്സ് ചൂടുള്ള പാൽ കൊണ്ടുവന്നു കൊടുത്തു. അവൻ അത് ആർത്തിയോടെ കുടിച്ച്തീർത്തു. ഈ പാലിന് ഞാൻ എത്ര പണം തരണം, അവൻ ചോദിച്ചു. അവൾ ചിരിച്ചുകൊണ്ട് പറഞ്ഞു ഒന്നും തരേണ്ടതില്ല. ദയയോടെയും സ്നേഹത്തോടെയും ചെയ്യുന്ന കാര്യങ്ങൾക്ക് പ്രതിഫലം വാങ്ങരുതെന്ന് എന്റെ അമ്മ എന്നെ പഠിപ്പിച്ചിട്ടുണ്ട്.

അവൻ നിറഞ്ഞ മനസ്സോടെ അവളോട് നന്ദി പറഞ്ഞു യാത്രയായി. ആ ചെറിയ പെൺകുട്ടിയുടെ കാരുണ്യം അവന് ശാരീരികമായി മാത്രമല്ല ജീവിതത്തിൽ മുന്നേറാനുള്ള വലിയൊരു മാനസിക ഊർജ്ജംകൂടിയാണ് നൽകിയത്.

കാലങ്ങൾ കടന്നുപോയി. പെൺകുട്ടി സ്ത്രീയായി. അവൾക്ക് മാരകമായ ഒരു രോഗം പിടിപെട്ടു. നാട്ടിലെ ഡോക്ടർമാർ കൈവിട്ടു. നഗരത്തിലെ വലിയൊരു ആശുപത്രിയിലേക്ക് അവരെ മാറ്റി. ആ ഹോസ്പിറ്റലിലെ പ്രശസ്തനായ ചീഫ് ഡോക്ടർ ഫയൽ ചെക്ക്ചെയ്തു. ഫയൽ പരിശോധിച്ച ഡോക്ടർ അവരുടെ നാടിന്റെ പേര് കണ്ടു. അദ്ദേഹത്തിന്റെ മനസ്സിൽ പഴയ ഓർമ്മകൾ ഓടിയെത്തി. ആ രോഗിയുടെ മുറിയിലേക്ക് ചെന്നു. തനിക്ക് ഒരു ഗ്ലാസ് പാൽ തന്നു വിശപ്പ്മാറ്റിയ അതേ പെൺകുട്ടിതന്നെയായിരുന്നു അത്. ഡോക്ടർ രാപ്പകലില്ലാതെ കഠിനപ്രയത്നം ചെയ്ത് ആ മാരക രോഗത്തിൽനിന്ന് അവരെ പൂർണ്ണമായി സുഖപ്പെടുത്തി.

ഡിസ്ചാർജ്ജ് ദിവസം വലിയ തുകക്കുള്ള ബിൽ ഡോക്ടറുടെ അടുത്തെത്തി. അദ്ദേഹം ബില്ലിന് താഴെ എന്തോ എഴുതി ഒരു കവറിലിട്ട് അവളുടെ കൈകളിൽ എത്തിക്കാൻ പറഞ്ഞു. ബിൽതുക അടച്ചുതീർക്കാൻ തനിക്കു കഴിയില്ലെന്ന് ചിന്തിച്ചാണ് അവൾ കവർ തുറന്നത്. ആ ബില്ലിന്റെ താഴെ ഡോക്ടറുടെ സ്വന്തം കൈപ്പടയിൽ ഇങ്ങനെ കുറിച്ചിരുന്നു "നിങ്ങളുടെ ബിൽതുക പൂർണ്ണമായി അടച്ചിരിക്കുന്നു വർഷങ്ങൾക്ക് മുമ്പ് നിങ്ങൾ തന്ന ഒരുഗ്ലാസ്സ് പാൽകൊണ്ട്" അവളുടെ കണ്ണുകൾ സന്തോഷംകൊണ്ട് നിറഞ്ഞു.

ദയ എന്നത് ഒരിക്കലും നഷ്ടംവരാത്ത നിക്ഷേപം ആണ്. നമ്മൾ മറ്റുള്ളവരോട് കാണിക്കുന്ന ചെറിയൊരു കാരുണ്യം ഒരിക്കലും നമ്മൾ ഒട്ടും പ്രതീക്ഷിക്കാത്ത സമയത്ത് അതിനേക്കാൾ വലിയ രൂപത്തിൽ നമ്മുടെ ജീവിതത്തിലേക്ക് തിരികെ വരും. അതുകൊണ്ട് ആർക്കെങ്കിലും ഒരു നന്മചെയ്യാൻ സാധിക്കുന്ന ഒരു അവസരവും കളയരുത്.

വിശുദ്ധ ബൈബിളിൽ ദയ / കരുണയെക്കുറിച്ച് പ്രതിപാദിക്കുന്ന നിരവധി വാക്യങ്ങളുണ്ട്

**1. പരസ്പരം കാണിക്കേണ്ട ദയ**

"നിങ്ങൾ തമ്മിൽ ദയയും മനസ്സലിവുമുള്ളവരായി ദൈവം ക്രിസ്തുവിൽ നിങ്ങളോട് ക്ഷമിച്ചതുപോലെ അന്യോന്യം ക്ഷമിപ്പിൻ" (എഫെസ്യർ 4:32)

നാം മറ്റുള്ളവരോട് എങ്ങനെ പെരുമാറണം എന്ന് ഈ വാക്യം കൃത്യമായി നമ്മളോട് സംസാരിക്കുന്നു. കർത്താവ് നമുക്ക് കാണിച്ചുതന്ന മാതൃക താൻ ജീവിതത്തിലുടനീളം മറ്റുള്ളവരോട് കാണിച്ച ദയയാണ്. വിശ്വാസിയുടെ കടമ കർത്താവിന്റെ മാതൃക പിന്തുടരുക എന്നുള്ളതാണ്. മറ്റുള്ളവരുടെ ആവശ്യങ്ങൾ മനസ്സിലാക്കി ദയയോടും ക്ഷമയോടും പെരുമാറുക. 'ദയ' അന്യംതിന്നു പോകുന്ന ഈ സമൂഹത്തിൽ സാക്ഷികളായി ജീവിക്കാൻ നമുക്ക് പരിശ്രമിക്കാം.

**2. ദയയുള്ളവർക്കുള്ള പ്രതിഫലം**

"കരുണയുള്ളവർ ഭാഗ്യവാന്മാർ, അവർക്കു കരുണ ലഭിക്കും" (മത്തായി 5:7)

കർത്താവിന്റെ ഗിരിപ്രഭാഷണത്തിലെ സന്ദേശമാണിത്. നാം മറ്റുള്ളവരോട് കരുണ/ദയ കാണിക്കുമ്പോൾ ദൈവത്തിന്റെ കരുണ നമുക്കും ലഭിക്കും. ഹേവാർഡ് കെല്ലിയുടെ ജീവിതത്തിൽ ആവശ്യം അറിഞ്ഞ് ദയകാണിച്ച പെൺകുട്ടിയുടെ ജീവിതത്തിൽ സംഭവിച്ചതുപോലെ, നാം നന്മ വിതച്ചിട്ടുണ്ടെങ്കിൽ തക്കസമയത്ത് അതു കൊയ്യും. മടികൂടാതെ, മറ്റുള്ളവരുടെ ജീവിതത്തെ കണ്ടില്ലെന്ന് നടിക്കാതെ, സമൂഹത്തിൽ ഇന്നും ചവിട്ടിയരക്കപ്പെടുന്ന ചില ജീവിതങ്ങളോട് ദയ കാണിക്കുവാൻ ദൈവം നമ്മെ ഒരുക്കട്ടെ. ഭാരതഗ്രാമങ്ങളിൽ വിളഞ്ഞുകിടക്കുന്ന വയലുകളിൽ (വേലസ്ഥലങ്ങളിൽ) ഭക്ഷണത്തിനും വസ്ത്രത്തിനും ജീവിതത്തിന്റെ ദൈനംദിന ആവശ്യങ്ങൾക്കും വേണ്ടി മറ്റുള്ളവരുടെ ദയക്കായി കാംക്ഷിക്കുന്ന അനേകരുണ്ട്. ദയയുടെ വാതിലുകൾ തുറക്കപ്പെടട്ടെ.

**3. ജീവിതത്തിൽ അലങ്കാരമാകേണ്ട ദയ**

"ദയയും വിശ്വസ്തതയും നിന്നെ വിട്ടുപോകരുത്. അവയെ നിന്റെ കഴുത്തിൽ കെട്ടിക്കൊൾക; നിന്റെ ഹൃദയത്തിന്റെ പലകയിൽ എഴുതിക്കൊൾക (സദൃശ്യവാക്യങ്ങൾ 3:3) ദയ നമ്മുടെ സ്വഭാവത്തിന്റെ ഭാഗമായി മാറണം. മറ്റുള്ളവരോടുള്ള സമീപനങ്ങളിൽ, കുടുംബത്തിൽ, സമൂഹത്തിൽ നാം ആയിരിക്കുന്ന എല്ലാ മേഖലകളിലും നമ്മുടെ സമീപനം ദയാനിർഭരമായിരിക്കണം. ദയ നമ്മുടെ ജീവിതത്തിന്റെ അലങ്കാരമായി മാറണം.

"യഹോവ കൃപയും കരുണയും ദീർഘക്ഷമയും മഹാദയയും ഉള്ളവൻ (സങ്കീ. 145:8) നമ്മുടെ കർത്താവിന്റെ സ്വഭാവം ഇതാണ്. ഈ ഭാവം തന്നേ നമ്മളിലുണ്ടാകട്ടെ. ദാവീദിനോടൊപ്പം നമുക്കും പ്രാർത്ഥിക്കാം.

"യഹോവ എന്റെ ഇടയനാകുന്നു. എനിക്കു മുട്ടുണ്ടാകയില്ല. പച്ചയായ പുല്പുറങ്ങളിൽ അവൻ എന്നെ കിടത്തുന്നു. സ്വസ്ഥതയുള്ള വെള്ളത്തിനരികത്തേക്കു എന്നെ നടത്തുന്നു. എന്റെ പ്രാണനെ അവൻ തണുപ്പിക്കുന്നു. തിരുനാമംനിമിത്തം എന്നെ നീതിപാതകളിൽ നടത്തുന്നു. കൂരിരുൾതാഴ്വരയിൽക്കൂടി നടന്നാലും ഞാൻ ഒരു അനർത്ഥവും ഭയപ്പെടുകയില്ല. നീ എന്നോടുകൂടെ ഇരിക്കുന്നുവല്ലോ; നിന്റെ വടിയും കോലും എന്നെ ആശ്വസിപ്പിക്കുന്നു. എന്റെ ശത്രുക്കൾ കാൺകെ നീ എനിക്കു വിരുന്നൊരുക്കുന്നു. എന്റെ തലയെ എണ്ണകൊണ്ട് അഭിഷേകംചെയ്യുന്നു. എന്റെ പാനപാത്രവും നിറഞ്ഞു കവിയുന്നു. നന്മയും കരുണയും എന്റെ ആയുഷ്കാലമൊക്കെയും എന്നെ പിന്തുടരും. ഞാൻ യഹോവയുടെ ആലയത്തിൽ ദീർഘകാലം വസിക്കും" (സങ്കീർത്തനം 23).

ദാവീദിനെപ്പോലെ നാമും കർത്താവുമായി അഭേദ്യമായ ബന്ധമുണ്ടാകട്ടെ. വ്യക്തിപരമായ ജീവിതത്തിൽ യേശുവിന്റെ കരങ്ങളെ മുറുകെപ്പിടിക്കൂ. ദയയെന്ന അലങ്കാരമാല അവൻ നമ്മെ അണിയിക്കും. ദൈവം അനുഗ്രഹിക്കട്ടെ.

■■■

---

(പേജ് 8 – ൽ നിന്നും)

IRS (Identity, Rejection, Self) കണക്കിൽ എടുക്കാതെയുള്ള വിവാഹപൂർവ്വ/വൈവാഹിക കൗൺസലിംഗ് അപൂർണ്ണവും ആയതിനാൽ വിവാഹബന്ധത്തോടുള്ള ഏത് കൗൺസലിംഗും ഈ വിഷയങ്ങളെക്കൂടെ കണക്കിലെടുത്ത് പരിഹാരം വരുത്തുന്നത് ആയിരിക്കണം. ഒരുവിധത്തിൽ ഈ മൂന്ന് കാര്യങ്ങളിൽ വിജയിക്കുന്നവർക്ക്, വിമുക്തി പ്രാപിക്കുന്നവർക്ക്, സാധാരണ ദമ്പതികളെക്കാൾ വളരെയേറെ സുഗമമായി, ആനന്ദകരമായ ഒരു കുടുംബജീവിതം നയിക്കാനാകും. മിക്കവാറും സഭകളിൽ ഈ കാലങ്ങളിൽ ക്രിസ്തീയ കൗൺസലിംഗ് വിവാഹത്തിന് മുമ്പ് നടത്തുന്നുണ്ട്. എന്നാൽ കൗൺസലിംഗ് കഴിഞ്ഞവർപോലും പലപ്പോഴും വിവാഹമോചനത്തിലോ വിവാഹമോചനം പ്രാപിച്ചവർക്ക് തുല്യമായ അവസ്ഥയിലോ ആയിത്തീരുന്നു; പ്രത്യേകിച്ച് സഹിഷ്ണുത തീരെ കുറവായ ഈ കാലഘട്ടത്തിലെ സമൂഹത്തിൽ. അക്കൂട്ടത്തിൽ വളരെ പ്രധാനപ്പെട്ട സംഗതിയാണ് ഒരു വ്യക്തിയുടെ IRS പശ്ചാത്തലവും അനുഭവവും മനസ്സിലാക്കിക്കൊടുത്ത് അവരെ ക്രിസ്തുകേന്ദ്രീകൃത ജീവിതത്തിലൂടെ വിടുതലും വിജയവും പ്രാപിക്കുവാൻ പ്രാപ്തരാക്കുക എന്നത്.

സ്വത്വ പ്രതിസന്ധി, തിരസ്കരണ സിൻഡ്രോം, മനുഷ്യനിൽ സ്വാഭാവികമായുള്ള സ്വയം (സ്വാർത്ഥത) ഇവയെപ്പറ്റി വിശദമായ പഠനവും കൗൺസലിംഗും നടത്തുന്നത് കൂടുതൽ ഊഷ്മളമായ കുടുംബബന്ധം കെട്ടിപ്പടുക്കുന്നതിന് കാരണമാകും.

(തുടരും) ■■■



യൂത്ത് കോർണർ



Rev. ബേസിൽ ജോർജ്

# ജോലിയിൽ ദൈവഹിതം തിരിച്ചറിയുക

പലപ്പോഴും നാം ജോലികൾ തിരഞ്ഞെടുക്കുന്നത് ലഭിക്കാൻ സാധ്യതയുള്ള ശമ്പളത്തിന്റെ അടിസ്ഥാനത്തിലോ പ്രശസ്തിയുടെ അടിസ്ഥാനത്തിലോ വിവാഹമാർക്കറ്റിലെ ഡിമാന്റിന്റെ അടിസ്ഥാനത്തിലോ അതും അല്ലെങ്കിൽ കൂട്ടുകാർ തിരഞ്ഞെടുക്കുന്ന മേഖലയോ ആണ്. അനേകം യൗവ്വനക്കാരെ കുഴക്കുന്ന ഒരു ചോദ്യമാണ്, 'ഞാൻ എന്ത് ജോലി ചെയ്യണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്'? ഈ ചോദ്യത്തിന്റെ ഉത്തരംതേടി പലരും കുഴയാറുണ്ട്. സുവിശേഷവേലക്ക് പോകുവാൻ വിളി ആവശ്യമാണെന്ന് നാം പറയാറുണ്ട്. അതുപോലെതന്നെ ഒരു ജോലി തെരഞ്ഞെടുക്കുവാൻ ഒരു ദൈവപൈതലിന് വിളി ആവശ്യമുണ്ട്. ദൈവം യിരെമ്യാവിനെ ഒരു പ്രവാചകനായി വിളിച്ചു. നോഹയെ പെട്ടകം പണിയുവാനായി ദൈവം വിളിച്ചു. ബസ്സലേലിനെയും ഒഹൊലിയാബിനെയും സമാഗമനകൂടാരത്തിലെ കൊത്തുപണികൾക്കായി ദൈവം വിളിച്ചു.

ആദ്യമായി നാം ഓർത്തിരിക്കേണ്ട ഒരു കാര്യം ദൈവം മനുഷ്യനെ സൃഷ്ടിച്ചത് വേലചെയ്യുവാനാണ് എന്നുള്ളതാണ് (ഉല്പത്തി 2:5). ദൈവത്തിന്റെ സൃഷ്ടിയുടെ സമയത്ത് ദൈവം മനുഷ്യനോട് കല്പിച്ചത് സമുദ്രത്തിലെ മത്സ്യത്തിന്മേലും ആകാശത്തിലെ പറവജാതിയിന്മേലും സകല ഭൂചര ജന്തുവിന്മേലും വാഴുക എന്നാണ് (ഉല്പത്തി 1:28). ദൈവം മനുഷ്യനെ ഏദെൻതോട്ടത്തിൽ ആക്കിയതും വേല ചെയ്യുവാനും അതിനെ കാപ്പാനുമാണ് (ഉല്പത്തി 2:15). ആ നിലയിൽ നോക്കിയാൽ മനുഷ്യന്റെമേലുള്ള ഒരു വിളിയാണ് വേല ചെയ്യുക എന്നുള്ളത്. മാത്രവുമല്ല പിതാവായ ദൈവവും പുത്രനായ യേശുക്രിസ്തുവും വേല ചെയ്തുകൊണ്ടിരിക്കുന്നു എന്നുള്ളത് നമുക്ക് മാതൃകയാണ് (യോഹന്നാൻ 5:17). ഈ ഭൂമിയിലുള്ള സാധ്യതകൾ എല്ലാം ഉപയോഗിച്ച്തീർക്കാനല്ല ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നത്. ഈ ഭൂമിയിൽ നാം ജീവിച്ചിരിക്കുമ്പോൾ നാം ചെയ്തുതീർക്കേണ്ട ചില കാര്യങ്ങളുണ്ട്.

ജോലി തിരഞ്ഞെടുക്കുക എന്നുള്ളതിനെക്കാൾ ഉപരിയായി നമ്മെക്കുറിച്ചുള്ള ദൈവത്തിന്റെ ഉദ്ദേശ്യം തിരിച്ചറിയുക എന്നതാണ് പ്രധാനം. നമ്മുടെ ജീവിതത്തെക്കുറിച്ചുള്ള ദൈവത്തിന്റെ ഉദ്ദേശ്യം ഒരിക്കലും മാറുകയില്ല. എന്നാൽ സാഹചര്യങ്ങൾ മാറിമറിഞ്ഞേക്കാം. യേശുവിനെക്കുറിച്ചുള്ള ദൈവത്തിന്റെ പരമപ്രധാനമായ ഉദ്ദേശ്യം സർവ്വലോകത്തിന്റെയും പാപത്തിന് പരിഹാരംവരുത്തുക എന്നതായിരുന്നു. എന്നാൽ ഓരോ ചുവടുകളും യേശുവിന്റെ ചരിത്രത്തിൽ വ്യത്യസ്തങ്ങൾ ആയിരുന്നു. ചിലപ്പോൾ യേശുവിനെ ഗുരുവായും

രോഗികൾക്ക് വൈദ്യനായും മറ്റുചിലപ്പോൾ ഒരു ആതുരസേവന പ്രവർത്തകനായും കാണപ്പെട്ടു. നമ്മെക്കുറിച്ചുള്ള ദൈവിക ഉദ്ദേശ്യവും നാം ആയിരിക്കുന്ന സ്ഥാനവും പലപ്പോഴും വ്യത്യാസപ്പെട്ടിരിക്കും. ദാവീദിനെക്കുറിച്ചുള്ള ദൈവത്തിന്റെ ഉദ്ദേശ്യം യിസ്രായേലിന്റെ രാജാവായി വാഴുക എന്നുള്ളതായിരുന്നു എങ്കിലും അവൻ ചിലപ്പോൾ ഒരു ഇടയനായും ഒരു സംഗീതജ്ഞനായും ഒരു യോദ്ധാവായും പിന്നീട് രാജാവായും കാണപ്പെട്ടു. നമ്മെക്കുറിച്ചുള്ള ദൈവിക ഉദ്ദേശ്യത്തെയാണ് നാം പിന്തുടരേണ്ടത്, ജോലിയെയല്ല.

**നമ്മുടെ വിളിയെ എങ്ങനെയാണ് നാം തിരിച്ചറിയേണ്ടത്?**

നമ്മുടെ വിളിയെ തിരിച്ചറിയുന്നതിന് രണ്ട്തരത്തിലുള്ള വിളികൾ ഉണ്ട് എന്ന് നാം മനസ്സിലാക്കണം. ഒന്നാമത്തേത് നേരിട്ടുള്ള വിളിയും, രണ്ടാമത്തേത് പരോക്ഷമായ വിളിയുമാണ്.

നേരിട്ടുള്ള വിളി എന്നതുകൊണ്ട് അർത്ഥമാക്കുന്നത് നാം എന്ത് ചെയ്യണമെന്ന് ദൈവം നേരിട്ട് നമ്മോട് സംസാരിക്കുന്നതാണ്. പുരോഹിതകുടുംബത്തിൽ ജനിച്ച യിരെമ്യാവിനെ ദൈവം അമ്മയുടെ ഉദരത്തിൽവെച്ച് തന്നേ പ്രവാചകനായി നിയമിച്ചു (യിരെമ്യാവ് 1:5). യേശു തന്റെ ശിഷ്യന്മാരെ വിളിച്ചതും പൌലൊസിനെ ജാതികളുടെ അപ്പൊസ്തലനായി നിയമിച്ചതുമൊക്കെ നേരിട്ടുള്ള വിളിയുടെ ഉദാഹരണങ്ങളാണ്. നേരിട്ടുള്ള വിളി മനസ്സിലാക്കാൻ എളുപ്പമാണ് എന്നുപറയുമ്പോൾത്തന്നെ അത് ഏറ്റെടുക്കുന്നത് പലപ്പോഴും പ്രയാസകരമായിരിക്കും. കാരണം അത് പലപ്പോഴും നമ്മുടെ വ്യക്തിപരമായ താത്പര്യത്തിന് വിരുദ്ധമായിരിക്കും. യിരെമ്യാവിനെ ദൈവം വിളിച്ചപ്പോൾ അവൻ ഒഴികഴിവുകൾ പറഞ്ഞതായി നാം കാണുന്നു. മോശെയെ മിസ്രയീമിലേക്ക് നായകനായി ദൈവം അയച്ചപ്പോൾ അവന് അതിൽ താത്പര്യം ഇല്ലായിരുന്നു. 4 പ്രാവശ്യം ഒഴികഴിവുകൾ പറഞ്ഞു എന്ന് നാം വായിക്കുന്നു. ദൈവത്തിന്റെ നേരിട്ടുള്ള വിളികൾ ഏറ്റെടുക്കുവാൻ നമുക്ക് കഴിയണം. ശമൂവേൽ പറഞ്ഞതുപോലെ, 'യഹോവേ അരുളിച്ചെയ്യേണമേ, അടിയൻ കേൾക്കുന്നു' എന്ന മനോഭാവമില്ലാതെ നേരിട്ടുള്ള വിളികളോട് പ്രതികരിക്കുവാൻ പ്രയാസമായിരിക്കും.

ഇന്നും ദൈവം മനുഷ്യനോട് നേരിട്ട് സംസാരിക്കുന്നുണ്ട്. അത് നമ്മുടെ കാതുകളിൽ കേൾക്കുന്നതുപോലെ ആകണമെന്നില്ല. ദൈവവചനം വായിക്കുകയും ധ്യാനിക്കുകയും ചെയ്യുമ്പോൾ പരിശുദ്ധാത്മാവ് നമ്മുടെ ഹൃദയങ്ങളിൽ ഇടപെടുന്നു. മുഴുവൻസമയം സുവിശേഷവേലക്ക് പോകണമെന്ന് അതുമല്ലെങ്കിൽ താൻ തിരഞ്ഞെടുക്കേണ്ട ജോലിമേഖലയെക്കുറിച്ചോ നമ്മോട് സംസാരിച്ചേക്കാം. എന്നാൽ കേൾക്കുന്നത് ദൈവശബ്ദം ആണെന്ന് ഉറപ്പുവരുത്തേണ്ടത് ഓരോരുത്തരുടെയും ഉത്തരവാദിത്വമാണ്. നമ്മുടെ തോന്നലുകളോ നമ്മുടെതന്നെ മുൻവിധിയോ ഈ മേഖലയിൽ നമ്മെ വഞ്ചിക്കാൻ സാധ്യതയുണ്ട്. നാം ചെയ്തുകൊണ്ടിരിക്കുന്ന ജോലിമേഖലയിലെ പ്രതിസന്ധികൾ അത് വിട്ട് മറ്റൊരു മേഖല തെരഞ്ഞെടുക്കുവാൻ നമുക്ക് തോന്നാൻ സാധ്യതയുണ്ട്. ആ തോന്നലിൽനിന്ന് ദൈവഹിതത്തെ വിവേചിച്ചറിയുവാൻ നാം പ്രാർത്ഥിക്കണം. നമ്മുടെ തോന്നലുകൾ എല്ലാം ദൈവഹിതം ആണെന്ന് വിചാരിക്കരുത്. നമ്മുടെ ആഗ്രഹങ്ങളും നമ്മെ വഞ്ചിക്കാൻ സാധ്യതയുണ്ട്. നമ്മുടെ മുൻപിൽ വിഷമകരമായ ഒരു വഴിയും എളുപ്പമുള്ള ഒരു വഴിയും വന്നാൽ നമ്മുടെ മനസ്സ് സ്വാഭാവികമായും എളുപ്പമുള്ള വഴിയെ തിരഞ്ഞെടുക്കുവാൻ പറയും. അതും ദൈവഹിതം ആണെന്ന് തെറ്റിദ്ധരിക്കുവാനുള്ള സാധ്യത ഏറെയാണ്. ഈ സാഹചര്യത്തിലാണ് പ്രാർത്ഥനാപൂർവ്വം ദൈവത്തിന്റെ നേരിട്ടുള്ള വിളിയെ തിരിച്ചറിയുവാൻ കഴിയേണ്ടത്. അതിനുള്ള ആത്മീയ പക്വത ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമുക്ക് നൽകട്ടെ. (തുടരും).

■■■



**"നിങ്ങളുടെ ഭൂതകാലത്തെ ഖേദമില്ലാതെ സ്വീകരിക്കുക, വർത്തമാനകാലത്തെ ആത്മവിശ്വാസത്തോടെ കൈകാര്യം ചെയ്യുക, ഭാവികാലത്തെ ഭയമില്ലാതെ നേരിടുക."**

– എ. പി. ജെ. അബ്ദുൽ കലാം

ടീച്ചർ

# പുഞ്ചിരിയുടെ സമ്മാനം





ആലീസ് ബേബി

ഒരു സർക്കാർസ്കൂളിന്റെ അടുത്താണ് മാധവൻ ചേട്ടന്റെ മിഠായിക്കട. വളരെ സ്വാദുള്ള മിഠായികൾ ഉണ്ടാക്കാൻ അദ്ദേഹത്തിന് ഒരു പ്രത്യേക കഴിവുണ്ടായിരുന്നു. സ്കൂളിലെ കുട്ടികൾ മാധവൻചേട്ടന്റെ കടയിൽ നിന്നും മിഠായി വാങ്ങുക പതിവായിരുന്നു.

ഒരു ദിവസം, അപ്പു എന്നൊരു കൊച്ചുപയ്യൻ മാധവൻചേട്ടന്റെ കടയുടെ മുന്നിൽ വന്നുനിന്നു. അവന്റെ കയ്യിൽ മിഠായിവാങ്ങാൻ പണമൊന്നും ഉണ്ടായിരുന്നില്ല. മറ്റുള്ള കുട്ടികൾ മിഠായിവാങ്ങി കഴിക്കുന്നത് അവൻ സങ്കടത്തോടെ നോക്കിനിന്നു. അപ്പുവിന്റെ സങ്കടം കണ്ട് മാധവൻചേട്ടൻ അവനെ അരികിലേക്ക് വിളിച്ചു, എന്നിട്ട് ചോദിച്ചു. "എന്താ മോനേ, നിനക്ക് മിഠായി വേണോ?" അപ്പു തിളങ്ങുന്ന കണ്ണുകളോടെ തലയാട്ടി. പക്ഷേ പെട്ടെന്ന് തന്റെ കീറിയ പോക്കറ്റ് കാണിച്ച് അവൻ പറഞ്ഞു. "എന്റെ കയ്യിൽ പണമില്ലല്ലോ?" മാധവൻചേട്ടൻ ചിരിച്ചുകൊണ്ട് പറഞ്ഞു. "അതിനെന്താ, മോനേ, ഈ ലോകത്ത് പണത്തെക്കാൾ വിലയുള്ള ഒരു നാണയമുണ്ട്, നീ എനിക്ക് ഒരു നല്ല പുഞ്ചിരി തരൂ. ഞാൻ നിനക്ക് ഏറ്റവും മധുരമുള്ള മിഠായി തരാം."

അപ്പുവിന് സന്തോഷം അടക്കാനായില്ല. അവൻ തന്റെ കുഞ്ഞുമുഖത്ത് വിരിഞ്ഞ ഏറ്റവും മനോഹരമായ പുഞ്ചിരി മാധവൻചേട്ടന് സമ്മാനിച്ചു. മാധവൻചേട്ടൻ അന്നുമുതൽ പണമില്ലാത്ത കുട്ടികൾക്ക് പുഞ്ചിരി നൽകിയാൽ മിഠായികൾ നൽകുക പതിവായിരുന്നു.

വർഷങ്ങൾ കടന്നുപോയി. മാധവൻചേട്ടന് പ്രായമായി. അയാൾക്ക് കഠിനമായ രോഗം ബാധിച്ചു മിഠായിക്കട അടഞ്ഞു. ചികിത്സിക്കാൻ അയാളുടെ കയ്യിൽ പണമില്ല. ഒടുവിൽ ഗ്രാമത്തിലെ ആളുകൾ ചേർന്ന് അയാളെ നഗരത്തിലെ വലിയൊരു ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഡോക്ടർമാർ അയാളെ പരിശോധിച്ചു. ദിവസങ്ങളോളം നീണ്ട പരിചരണത്തിനൊടുവിൽ മാധവൻചേട്ടൻ സുഖംപ്രാപിച്ചു. ഡിസ്ചാർജ് ആകുന്ന ദിവസം വലിയൊരു തുകയുടെ ബില്ലുമായി നേഴ്സ് ശ്രീക്കുട്ടി മാധവൻചേട്ടന്റെ അരികിലേക്ക് വന്നു. ബില്ലിലെ തുക കണ്ട മാധവൻചേട്ടന്റെ കണ്ണ് നിറഞ്ഞു.

ഇത്രയും വലിയ തുക അടക്കാൻ കയ്യിൽ ഒരുപൈസപോലുമില്ലല്ലോ ദൈവമേ... അയാൾ ആത്മഗതം ചെയ്തു. അപ്പോഴാണ് നേഴ്സ് ശ്രീക്കുട്ടി ആ ബില്ലിന്റെ താഴെ ഡോക്ടർ സ്വന്തം കൈപ്പടയിൽ എഴുതിയ ഒരു കുറിപ്പ് മാധവൻചേട്ടന് കാണിച്ചുകൊടുത്തത്. അതിൽ ഇങ്ങനെ എഴുതിയിരുന്നു.

"ചികിത്സത്തുക മുഴുവൻ വർഷങ്ങൾക്കു മുമ്പ് ഒരു നല്ല പുഞ്ചിരിയിലൂടെ മുൻകൂറായി അടച്ചിരിക്കുന്നു!"

ഡോക്ടർ അപ്പു, അതേ, അന്ന് മാധവൻചേട്ടൻ മിഠായി നൽകിയ അപ്പു ആയിരുന്നു അത്. ഇന്ന് ആ വലിയ ആശുപത്രിയിലെ ചീഫ് ഡോക്ടർ! തനിക്ക് പഴയ മിഠായിക്കാരനെ മനസ്സിലായപ്പോൾ ഡോക്ടർ അപ്പു മാധവന്റെ ചികിത്സച്ചെലവ് മുഴുവൻ സ്വന്തം കയ്യിൽനിന്ന് അടച്ചിരുന്നു.

പ്രിയപ്പെട്ടവരേ,

ഈ കൊച്ചു കഥയിൽനിന്നും ചില കാര്യങ്ങൾ നമുക്ക് മനസ്സിലാക്കാം.

1. കാരുണ്യത്തിന്റെ വില

പണത്തെക്കാൾ വലിയ സമ്പാദ്യം മറ്റുള്ളവരോട് കാണിക്കുന്ന കാരുണ്യവും സ്നേഹവുമാണ്.

2. നന്മ ഒരിക്കലും വീണുപോകില്ല.

നമ്മൾ മറ്റുള്ളവർക്ക് ചെയ്യുന്ന ചെറിയ നന്മകൾ പോലും ഭാവിയിൽ അതിനെക്കാൾ വലിയ നന്മയായി നമുക്ക് തന്നേ തിരികെ ലഭിക്കും.

"നന്മ ചെയ്കയിൽ നാം മടുത്തുപോകരുത്; തളർന്നുപോകാഞ്ഞാൽ തക്കസമയത്തു നാം കൊയ്യും"

(ഗലാത്യർ 6:9).

ദൈവത്തിന് പ്രസാദകരമായ രീതിയിൽ ജീവിക്കാനും മടുത്തുപോകാതെ മറ്റുള്ളവർക്ക് നന്മചെയ്യാനും ദൈവം നമ്മെ സഹായിക്കട്ടെ.

# 2026 ജൂലൈ

**MORNING FELLOWSHIP**
**എല്ലാ ദിവസവും**

HINDI : 5.00 am – 6.15 am
ID https://meet.google.com/gdhnyycvjy

MALAYALAM : 5.40 am – 6.40 am
ID https://meet.google.com/iibyyvdseq

## ഓൺലൈൻ പ്രോഗ്രാമുകൾ

ഗൂഗിൾ മീറ്റ് വഴി നടത്തപ്പെടുന്നു.
Meeting ID : iibyyvdseq

| Day | Time | Programme | Platform |
|---|---|---|---|
| Every Sunday | 6:00 pm - 7:00 pm | Sunday Club for Kids, Teens and Youth | Google Meet |
| Every Sunday | 9:30 pm - 10:30 pm | Middle East Fellowship | Google Meet |
| Every Monday | 2:30 pm - 3:30 pm | Ladies Prayer Meeting | Google Meet |
| Every Tuesday | 8:00 pm - 9:00 pm | Bible Study | Google Meet |

എല്ലാ രണ്ടാം ശനിയാഴ്ചയും 10 am - 1 pm
അല്ലപ്ര മിഷൻ സെന്ററിൽവെച്ച് ധ്യാനയോഗം ഉണ്ടായിരിക്കുന്നതാണ്.

## മറ്റ് പ്രോഗ്രാമുകൾ

| തീയതി | ദിവസം | സമയം | പ്രോഗ്രാം | സ്ഥലം |
|---|---|---|---|---|
| 02.07.2026 | വ്യാഴം | 7 pm - 9 pm | പ്രവർത്തക കൂട്ടായ്മ | മിഷൻസെന്റർ |
| 03.07.2026 | വെള്ളി | 7 pm - 9 pm | യൂണിറ്റ് മീറ്റിംഗ് (നസ്റേത്ത്) | വലമ്പൂർ (ഇടപ്പരത്തിക്കുടി ശ്രീ. ഇ.പി. സാബുവിന്റെ ഭവനം) |
| 04.07.2026 | ശനി | 10 am - 12 pm | ഉപവാസപ്രാർത്ഥന | മിഷൻസെന്റർ |
| | | 12 pm - 1 pm | എൽഡേഴ്സ് മീറ്റിംഗ് | മിഷൻസെന്റർ |
| 11.07.2026 | ശനി | 10 am - 12 pm | സഫൽ ക്ലബ് (കുട്ടികൾക്ക്) | മിഷൻസെന്റർ |
| | | 10 am - 1 pm | ധ്യാനയോഗം | മിഷൻസെന്റർ |
| 12.07.2026 | ഞായർ | 7 pm - 9 pm | യൂണിറ്റ് മീറ്റിംഗ് (ബേത്‌ലഹേം) | ഞാറള്ളൂർ (നമ്മണാരിൽ ശ്രീ. എം.ഐസക്കിന്റെ ഭവനം) |
| | | 7 pm - 9 pm | യൂണിറ്റ് മീറ്റിംഗ് (ഗെത്‌സമെൻ) | പ്രളയക്കാട് (ചേനാട്ടേൽ ശ്രീ. ഷാജൻ തോമസിന്റെ ഭവനം) |
| 18.07.2026 | ശനി | 10 am - 12 pm | ഉപവാസപ്രാർത്ഥന | മിഷൻ സെന്റർ |
| 19.07.2026 | ഞായർ | 7 pm - 9 pm | യൂണിറ്റ് മീറ്റിംഗ് (ഹോറേബ്) | പണ്ടപ്പിള്ളി ("ജീസ്" ശ്രീ. ജോർജുകുട്ടി സക്കറിയയുടെ ഭവനം) |
| 23.07.2026 | വ്യാഴം | 7 pm - 9 pm | പ്രാർത്ഥനായോഗം | തട്ടാംമുകൾ (പുന്നാശ്ശേരിൽ ശ്രീ. പി.വി. ജോസഫിന്റെ ഭവനം) |
| 24.07.2026 | വെള്ളി | 7 pm - 9 pm | യൂണിറ്റ് മീറ്റിംഗ് (സീനായ്) | ഓടക്കാലി (മേനോത്തുമാലിൽ ശ്രീ. രാജൻ എം. തോമസിന്റെ ഭവനം) |
| 25.07.2026 | ശനി | 10 am - 12 pm | ഉപവാസപ്രാർത്ഥന | മിഷൻസെന്റർ |

# എൽഡേഴ്സ് ഫെലോഷിപ്പ്





ദൈവകൃപയാൽ 2025 ജനുവരി മാസം ആരംഭിച്ച എൽഡേഴ്സ് ഫെലോഷിപ്പ് (Elders Fellowship) ഒരു വർഷം അനുഗ്രഹീതമായി പൂർത്തിയാക്കി. വാർഷികയോഗത്തിൽ വെച്ച് ഫെലോഷിപ്പിന്റെ മെമ്പർഷിപ്പ് കാർഡിന്റെ വിതരണോദ്ഘാടനം ശ്രീ. എം. ഐസക് ശ്രീ. ഉമ്മൻ സി.റ്റിക്ക് നൽകി നിർവ്വഹിക്കുകയും ചെയ്തു.

60 വയസ്സോ അതിൽ കൂടുതലോ പ്രായമുള്ളവർക്ക് ഈ കൂട്ടായ്മയിൽ പങ്കാളികളാകാം. രക്ഷാനിർണ്ണയമുള്ള ആർക്കും ഇതിൽ അംഗത്വമെടുക്കാവുന്നതാണ്. ഇതിന്റെ ലക്ഷ്യം (Our Vision) വാർദ്ധക്യംബാധിച്ചവരുടെ ആത്മീയവും മാനസികവുമായ ഉന്നമനമാണ്. അതിനായി ഈ ഫെലോഷിപ്പിന്റെ നേതൃത്വത്തിൽ വാർദ്ധക്യസഹജമായ ബുദ്ധിമുട്ടുകളിൽ പ്രത്യാശ നഷ്ടപ്പെടാതെ, ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ ദൈവത്തിൽനിന്നുള്ള ശാന്തിയും സമാധാനവും അനുഭവിച്ചറിയാൻ അവരെ പ്രാപ്തരാക്കുവാൻ ഇപ്പോൾ നടന്നുവരുന്നതാണ് 'കൂട്ടുകൂടാൻ ഡോക്സ്' എന്ന ഭവനസന്ദർശന കൂട്ടായ്മ. കൂടാതെ പ്രതിമാസ ഒത്തുചേരൽ (Monthly Meeting) എല്ലാ മാസവും ഒന്നാം ശനിയാഴ്ച 10 am മുതൽ 1 pm വരെ മിഷൻസെന്ററിൽവെച്ച് നടക്കുന്നു. ശ്രീ എം. ഐസക്, Dr. സി. വി. കുര്യാക്കോസ്, ശ്രീ. പി. കുര്യാക്കോസ് എന്നിവർ നേതൃത്വംകൊടുത്തുവരുന്നു.



ശ്രീ. എം. ഐസക്
കൺവീനർ
എൽഡേഴ്സ് ഫെലോഷിപ്പ്






EGM OF

# പിന്നിട്ട നാളുകളിൽ പിന്ന
# മുന്നോട്ടുള്ള


Dr. വി.പി മത്തായി വാലയിൽ (ഡയറക്ടർ)


റവ. പി.വി. യാക്കോബ്



ശ്രീ. സി.സി. ജോസഫ്



ശ്രീ. സി.റ്റി ഉമ്മൻ


ശ്രീ. എം. ഐസക്ക്


ശ്രീ. എ.വ


ശ്രീ. ബിജു പൗലോസ്



ശ്രീ. ഓ. ജെ. പൗലോസ്


ശ്രീ. സി.കെ. എബ്രാഹം


ഡോ. സി.വി. കുര്യാക്കോസ്


ശ്രീ. പി. കുര്യാക്കോസ്


ശ്രീ. എ
മത്ത


ശ്രീ. ബേബി പി.എം.



ശ്രീ. പി.വി. ജയിംസ്


ശ്രീ. വി.ഡി. എൽദോസ്



ശ്രീ. എൽദോസ് പി.എം.


ശ്രീ. ബാബു എൻ.കെ.



ശ്രീ. ജോർ
സഖ


ശ്രീ. വി.സി. ജോയി


ശ്രീ. സാബു ഇ. പി.


ശ്രീ. സാബു ജേക്കബ്


ശ്രീ. ഷിബു കെ. മാത്യു


ശ്രീ. പോൾ പി. വർഗ്ഗീസ്


ശ്രീ. ലിജു കെ.വൈ.

F INDIA

# ...ിൽ നിന്ന് ശുശ്രൂഷിച്ചവർ
# ...യാത്രയിൽ


...ി. ബെന്നി


ശ്രീ. ബേബി ജോർജ്ജ്


ഡോ. നെൽസൻ മാത്യു


ശ്രീ. പി.വി. ജോസഫ്


ശ്രീ. സ്ലീബ വി പോൾ


ശ്രീ. എം. പൗലോസ്


...എം.എ. ...റായി


ശ്രീ. സജി കെ.എസ്.


ശ്രീ.ജോസ് എം. ഒ.


ശ്രീ. എൽദോസ് എം. വി.


ശ്രീ. രാജൻ എം തോമസ്


ശ്രീ. ടി. മാത്യൂസ്


...ജുകുട്ടി ...റിയ


അഡ്വ. വർഗ്ഗീസ് സാബു


ശ്രീ. റെജി ജോൺ


ശ്രീ. റെജി ജേക്കബ്


ശ്രീ. എൽദോസ് പി.എം.


ശ്രീ. തമ്പി പോൾ


ശ്രീ. പി. പി. വർഗ്ഗീസ്


ശ്രീ. അവിര പി.കെ.


ശ്രീ. ആന്റ്ലി ആന്റണി


ശ്രീ. ജോർജ്ജ് കെ.ഒ.


ശ്രീ. പോൾസൺ പി. തോപ്പിൽ

ശ്രീ. സി. കെ. ബാബു

തുടർച്ച പേജ് 20 – ൽ

# ദൈനംദിന സഹായി

വിവിധ വിഷയങ്ങൾക്കായി ഇടിവിൽനിന്ന് പ്രാർത്ഥിക്കുവാൻ തൽപ്പരരായിട്ടുള്ളവർക്ക് വേണ്ടി തയ്യാറാക്കിയിട്ടുള്ളതാണ് ദൈനംദിന പ്രാർത്ഥനാ സഹായി. ഒരുവർഷംകൊണ്ട് ബൈബിൾ മുഴുവൻ വായിച്ചുതീർക്കാവുന്ന വിധത്തിൽ ഓരോ ദിവസത്തേക്കുമായി വായനാഭാഗങ്ങളും ഒപ്പം ചേർത്തിട്ടുണ്ട്.

## 01

**വായനഭാഗം** : **ഇയ്യോബ് 7–10 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ആന്ധ്രാപ്രദേശ് (വിശാഖപട്ടണം)
**പ്രവർത്തകർ** : സാംസൺ രാജു (ഭാര്യ:എസ്ഥേർ, മക്കൾ: സ്തുതി, നിരീക്ഷണ, ദിവിന, ദിവൈൻ) ബാവി റെഡ്ഡി, മധുഷന സുവർണ്ണരാജ്, പേമാടി ശ്രീനിവാസു, ധുംഗ ആദിനാരായണ
**വിഷയങ്ങൾ** : വേലയുടെ അനുഗ്രഹത്തിനും എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 02

**വായനഭാഗം** : **ഇയ്യോബ് 11, 12 അദ്ധ്യായങ്ങൾ, റോമർ 1, 2 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : അരുണാചൽ പ്രദേശ് (ബോംഡില)
**പ്രവർത്തകൻ** : പ്രബിൻ ബിശ്വകർമ്മ (ഭാര്യ: ഗീത, മക്കൾ: മുസ്കാൻ, ഗ്രേസി, ടെൻസി)
**വിഷയങ്ങൾ** : വേലയുടെ അനുഗ്രഹത്തിനും എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 03

**വായനഭാഗം** : **ഇയ്യോബ് 13–15 അദ്ധ്യായങ്ങൾ, റോമർ 3, 4 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : അസം (ബൊങ്കൈഗാവ്)
**പ്രവർത്തകർ** : വിക്ടർ സോയി (ഭാര്യ: അനിത, മകൾ: എസ്ഥേർ) ബുധുവ മുണ്ട (ഭാര്യ: സൽമി, മക്കൾ: മാർഗരെറ്റ്, ലൂസിയ), കുശാൽ ബോറോ (ഭാര്യ: ക്രിസ്റ്റീന, മകൻ: ജോഷ്വാ)
**വിഷയങ്ങൾ** : സുനോത്തി ബൊഗ്ര - പൊള്ളലേറ്റു. പൂർണ്ണ സൗഖ്യത്തിനായും, എല്ലാ വിശ്വാസികൾക്കായും വേലയുടെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കാം.

## 04

**വായനഭാഗം** : **ഇയ്യോബ് 16–18 അദ്ധ്യായങ്ങൾ, റോമർ 5–ാം അദ്ധ്യായം**
**മിഷൻ ഫീൽഡ്** : ബീഹാർ (പൂർണ്ണിയ)
**പ്രവർത്തകർ** : ഹാനോക് പട്ടേൽ (ഭാര്യ: എക്ത, മക്കൾ: ഹർഷ്, പ്രതിക്യ) പ്രസാദ് റാം, ഉമേഷ് സോറൻ, ഗ്യാൻ പ്രകാശ്
**വിഷയങ്ങൾ** : ടാക്കൂർ കിസ്ക്കു - വീടുപണി നടക്കുവാനും, കൗവ്വാക്കോൾ - ചർച്ച് മാറ്റിപ്പണിയുന്നതിന് സ്ഥലം ലഭിപ്പാനും, തലമായി - കുടുംബത്തിന്റെ അനുഗ്രഹത്തിനായും ഫീൽഡുശുശ്രൂഷയുടെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കാം.

## 05

**വായനഭാഗം** : **ഇയ്യോബ് 19–22 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ബീഹാർ (പൂർണ്ണിയ)
**പ്രവർത്തകർ** : ഹാനോക് പട്ടേൽ (ഭാര്യ: എക്ത, മക്കൾ: ഹർഷ്, പ്രതിക്യ) ഛോട്ടേലാൽ (ഭാര്യ: സുനിത, മക്കൾ: ട്രീഷ, ഇമ്മാനുവേൽ)
**വിഷയങ്ങൾ** : വേലയുടെ അനുഗ്രഹത്തിനും എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 06

**വായനഭാഗം** : **ഇയ്യോബ് 23–27 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ബീഹാർ (കട്ടിഹാർ)
**പ്രവർത്തകർ** : ഹാനോക് പട്ടേൽ (ഭാര്യ: എക്ത, മക്കൾ: ഹർഷ്, പ്രതിക്യ) രൂപ്ചന്ദ്ര് മുർമു (ഭാര്യ: അനിത, മക്കൾ: രൂബേൻ, നിർമ്മൽ, അനുഷ)
**വിഷയങ്ങൾ** : വേലയുടെ അനുഗ്രഹത്തിനും എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 07

**വായനഭാഗം** : **ഇയ്യോബ് 28–ാം അദ്ധ്യായം, റോമർ 6, 7 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ബീഹാർ (കട്ടിഹാർ)
**പ്രവർത്തകർ** : കൈലാഷ് ഹൻസ്ധ (ഭാര്യ: സുമിത്ര, മക്കൾ: അനുഷ, സഹിൽ), കുന്ദൻ ടുഡു
**വിഷയങ്ങൾ** : വേലയുടെ അനുഗ്രഹത്തിനും എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 08

**വായനഭാഗം** : **ഇയ്യോബ് 29–31 അദ്ധ്യായങ്ങൾ, റോമർ 8, 9 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഛത്തീസ്ഗഡ് (ബിലാസ്പൂർ)
**പ്രവർത്തകർ** : രാമേശ്വർപ്രസാദ് സാഹു (ഭാര്യ: പ്രതിമ, മക്കൾ: ജിൽമിൽ, അനാമിക, ഓബേദ്) ത്രിലോചൻ സാഹു, പ്രദീപ് കുമാർ, രാംപാൽ സാഹു, ശ്യാമ സാഹു, ചന്ദ്രപ്രകാശ്, ബൽറാം സാഹു, ചന്ദ്രപാൽ ദിവാകർ, മഹേഷ് കുമാർ, ഗിർവർലാൽ ലോട്ട്റെ, ശ്യാംകുമാർ കിഷോർ, ധനേശ്വർസിംഗ് മാർക്കം
**വിഷയങ്ങൾ** : മാൻകി - രണ്ടു കാൽമുട്ടിനും വേദന, ഘനശ്യാം - നടുവേദന, ബസന്ത് - ശരീരവേദന, ഈശ്വരി - വായിൽ അൾസർ, ഓബേദ് - അലർജി, വയറുവേദന, മഹേന്ദ്ര - തലവേദന, കൈവേദന, പുഷ്പ - ബ്ലഡ് കുറവ്, ക്ഷീണം, തിജിയ - നടുവേദന, ആദിത്യ - പിത്താശയത്തിൽ കല്ല് - ഇവരുടെ സൗഖ്യത്തിനായും മഞ്ജിത - സാത്താന്യബന്ധനം വിടുതലിനായും, ദുർഘേഷ് - മാനസാന്തരത്തിനായും, ഈശ്രി - കട ബാധ്യത മാറുവാനും, ഫീൽഡുശുശ്രൂഷയുടെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കാം.

## 09

**വായനഭാഗം** : **ഇയ്യോബ് 32–34 അദ്ധ്യായങ്ങൾ, റോമർ 10–ാം അദ്ധ്യായം**
**മിഷൻ ഫീൽഡ്** : ഛത്തീസ്ഗഡ് (മുംഗേലി)
**പ്രവർത്തകർ** : രാജേഷ് കുമാർ സാഹു (ഭാര്യ: ചിത്രരേഖ, മകൻ: ജോയൽ) ഉദയ് കുമാർ, ദിൽഹരൺ സാഹു, സഞ്ജു സാഹു, ജലേശ്വർ സാഹു
**വിഷയങ്ങൾ** : സുമിത്ര, സുരേഷ് - തളർവാതം സൗഖ്യത്തിനായും, സന്തോഷി - വികലാംഗയാണ്. ദൈവിക കരുതലിനായും, ചർച്ചുപണി അനുഗ്രഹമായി നടക്കുവാനും സുവിശേഷവേലയുടെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കാം.

## 10

**വായനഭാഗം** : **ഇയ്യോബ് 35–37 അദ്ധ്യായങ്ങൾ, റോമർ 11–ാം അദ്ധ്യായം**
**മിഷൻ ഫീൽഡ്** : ഗുജറാത്ത് (സൂററ്റ്)
**പ്രവർത്തകർ** : വിക്രം ബസേവ (ഭാര്യ: രഞ്ജു, മകൻ: എനോശ്, ആരോൺ) വാൽവി ദിനേഷ് ഭായി
**വിഷയങ്ങൾ** : നിർമ്മല - വയറുവേദന, രക്തസ്രവം, അർപിത് - ബാലാരിഷ്ടതകളിൽനിന്നും വിടുതൽ, അമിത - വൃക്കയിൽ കല്ല്, കഠിനമായ വയറുവേദന, അജിത്ത് - നെഞ്ചുവേദന ഇവരുടെ സൗഖ്യത്തിനായും, ഗംഗാപൂർ, ഉദാപൂർ ഗ്രാമങ്ങളിലെ വേലയുടെ വളർച്ചക്കായും പ്രാർത്ഥിക്കാം.

## 11

**വായനഭാഗം** : **ഇയ്യോബ് 38–41 അദ്ധ്യായങ്ങൾ, റോമർ 12–ാം അദ്ധ്യായം**
**മിഷൻ ഫീൽഡ്** : ഹിമാചൽപ്രദേശ് (സിംല)
**പ്രവർത്തകർ** : അമർ സിംഗ് (ഭാര്യ: വിദ്യ, മക്കൾ : കരിഷ്മ, മോനിക്ക, ജ്യോതി, കരീന, റീമ)
**വിഷയങ്ങൾ** : വേലയുടെ അനുഗ്രഹത്തിനും എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 12

**വായനഭാഗം** : **ഇയ്യോബ് 42–ാം അദ്ധ്യായം, റോമർ 13, 14 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ജമ്മു – കാശ്മീർ (ഉധംപൂർ)
**പ്രവർത്തകർ** : ജോഗിന്ദർ കുമാർ (ഭാര്യ: ആഷുദേവി; മക്കൾ: പ്രീതി, പിങ്കി, രോഹിത്, പ്രിയ) കുൽഭൂഷൻ കുമാർ
**വിഷയങ്ങൾ** : വേലയുടെ അനുഗ്രഹത്തിനും എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 13

**വായനഭാഗം** : **സങ്കീർത്തനങ്ങൾ 1–6, റോമർ 15, 16 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ജാർഖണ്ഡ് (ജംഷഡ്പൂർ)
**പ്രവർത്തകർ** : പ്രേംചന്ദ് മുണ്ട (ഭാര്യ: ലാൽമുനി, മക്കൾ: അമരിത, അമരിത്ത്) വിജയ് കച്ഛാപ്, സോമനാഥ് കർമ്മാകർ
**വിഷയങ്ങൾ** : റേഷ്മ - റ്റി.ബി., ഗോലു - ബൈക്ക് ആക്സിഡന്റ്പറ്റി സൗഖ്യത്തിനായും. ഫീൽഡിൽ ചർച്ചുപണിയുവാൻ സ്ഥലം വാങ്ങുവാനും ചർച്ച്പണി നടക്കുവാനും എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 14

**വായനഭാഗം** : **സങ്കീർത്തനങ്ങൾ 7–13**
**മിഷൻ ഫീൽഡ്** : കർണ്ണാടക (ഹസ്സൻ)
**പ്രവർത്തകൻ** : ജിബിൻ (ഭാര്യ: ബിജി, മക്കൾ: റീമ, ആശിഷ് തിമോത്തി)
**വിഷയങ്ങൾ** : ലക്ഷ്മി അമ്മ - ഷുഗർ നോർമൽ ആകുവാൻ, ചന്ദ്രവതി - ഹാർട്ട് പ്രോബ്ലം ഇവരുടെ സൗഖ്യത്തിനായും പ്രാർത്ഥിക്കാം.

## 15

**വായനഭാഗം** : **സങ്കീർത്തനങ്ങൾ 14–18**
**മിഷൻ ഫീൽഡ്** : മദ്ധ്യപ്രദേശ് (ജാംബുവ)
**പ്രവർത്തകർ** : അജയ്കുമാർ ഡാമ (ഭാര്യ: വനിത, മക്കൾ: പ്രിയാൻഷ്, പ്രിയാൻഷി), സഞ്ജീവ്, ഫൂൽസിംഗ്, രാജേഷ് മൈഡ, ദീപക്കുമാർ, പാർസിംഗ്
**വിഷയങ്ങൾ** : സുവിശേഷ വേലയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കാം.

## 16

**വായനഭാഗം** : **സങ്കീർത്തനങ്ങൾ 19 – 23**
**മിഷൻ ഫീൽഡ്** : മഹാരാഷ്ട്ര (ഗോന്ദിയ)
**പ്രവർത്തകർ** : സജി കെ.എസ് (ഭാര്യ: ബിന്ദു, മക്കൾ: ജബിൻ, ജസ്ന), ധിരഞ്ജൻ ലിമ (ഭാര്യ: പ്രകാശിനി, മക്കൾ: എലിയാന, ക്രിസ്റ്റീന), സപ്ന പാട്ട്ലെ, ഛായാലളിത് ജനബന്ധു, സായിനാഥ് മല്ല, ഗണേഷ്, ഉമാജി ഷിൻഡെ
**വിഷയങ്ങൾ** : രഞ്ജുബായി - കാലുവേദന, ഇന്ദിരബായ് - ബ്ലഡ്കുറവ്, ക്ഷീണം, പ്രാച്ചി - മൈഗ്രെയിൻ - ഇവരുടെ സൗഖ്യത്തിനായും, ശങ്കർ - വീടുപണിയുടെ അനുഗ്രഹത്തിനായും, വൈശാലി - ജോലി ലഭിക്കുവാനും, ധനരാജ്, ഷീല, മീനഭായ് - കുടുംബത്തിന്റെ അനുഗ്രഹത്തിനായും നടത്തപ്പെടുന്ന ചർച്ചുപണിയുടെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കാം.

## 17

**വായനഭാഗം** : **സങ്കീർത്തനങ്ങൾ 24 – 31**
**മിഷൻ ഫീൽഡ്** : മേഘാലയ (ഷില്ലോങ്)
**പ്രവർത്തകൻ** : അമൃത് ബോറോ (ഭാര്യ: രേഷ്ന, മക്കൾ: സ്മൃതി, എയ്ഡൻ)
**വിഷയങ്ങൾ** : വേലയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കാം.

## 18

**വായനഭാഗം** : **സങ്കീർത്തനങ്ങൾ 32 – 35**
**മിഷൻ ഫീൽഡ്** : നാഗാലാന്റ് (ഡിമാപൂർ)
**പ്രവർത്തകൻ** : യുൻഷെൻലോ ജിഷിംഗ് രംഗ്മ (ഭാര്യ: സിംഗുൻലെ, മക്കൾ: ഐസക്ക്, ഷെൻഷി, ഹ്യൂകെസിൽ, സോളോ)
**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയവളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 19

**വായനഭാഗം** : **സങ്കീർത്തനങ്ങൾ 36 – 39**
**മിഷൻ ഫീൽഡ്** : ഒഡീഷ (കണ്ഡമാൽ)
**പ്രവർത്തകർ** : സുദാം ഡിഗൽ (ഭാര്യ: എലീശ്ബാ, മക്കൾ: അഭിഷേക്, ആശേഷ്, അർച്ചൻ, അഞ്ജന) തുപേശ്വർ മാജി, അമർസിംഗ് ഡിഗൽ
**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയവളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 20

**വായനഭാഗം** : **സങ്കീർത്തനങ്ങൾ 40 – 45**
**മിഷൻ ഫീൽഡ്** : ഒഡീഷ (കൊട്ടഗ്രാ)
**പ്രവർത്തകൻ** : പ്രഫുല്ല നായക് (ഭാര്യ: ആരതി, മക്കൾ: ക്രിസ്റ്റീന, ക്രിസ്റ്റഫർ, ശ്രുതി, തോമസ്)
**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയവളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 21

**വായനഭാഗം** : **സങ്കീർത്തനങ്ങൾ 46 – 51**
**മിഷൻ ഫീൽഡ്** : ഒഡീഷ (ഹത് – മുനിഗുഡ)
**പ്രവർത്തകൻ** : പത്മസേന കുസുലിയ (ഭാര്യ: ബൈദേഹി, മക്കൾ: സാമുവേൽ, ദാനിയേൽ, ദിൽഷൻ)
**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയവളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 22

**വായനഭാഗം** : **സങ്കീർത്തനങ്ങൾ 52 – 58, 1 കൊരിന്ത്യർ 1 – ാം അദ്ധ്യായം**
**മിഷൻ ഫീൽഡ്** : ഒഡീഷ (കൽഹണ്ടി)
**പ്രവർത്തകൻ** : ആശിഷ് സിംഗ് (ഭാര്യ: മുക്ത)
**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയവളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 23

**വായനഭാഗം** : **സങ്കീർത്തനങ്ങൾ 59 – 65, 1 കൊരിന്ത്യർ 2 – ാം അദ്ധ്യായം**
**മിഷൻ ഫീൽഡ്** : ഒഡീഷ (ബൈസം കട്ടക്) (മോറിയ കൃപാ ഭവൻ & സ്കിൽ ട്രെയ്നിംഗ് സെന്റർ)
**പ്രവർത്തകർ** : ദിലീപ് സോറൻ (ഭാര്യ: സുനിത, മകൾ: എയ്ഞ്ചൽ) അഞ്ജൻ കുമാർ നായക് (ഭാര്യ: ലിലി) രാംരാജ് എം.ജി. (ഭാര്യ: മംമ്ത, മക്കൾ: ജമീമ, ജറീന)
**വിഷയങ്ങൾ** : സുനിത - ഉദരഫലത്തിന്റെ അനുഗ്രഹത്തിനായും വേലയുടെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കാം.

## 24

**വായനഭാഗം** : **സങ്കീർത്തനങ്ങൾ 66 – 69, 1 കൊരിന്ത്യർ 3 – ാം അദ്ധ്യായം**
**മിഷൻ ഫീൽഡ്** : പഞ്ചാബ് (മോഗ)
**പ്രവർത്തകർ** : ജാഗ്സിർസിംഗ് ഭാട്ടി (ഭാര്യ: അനിത, മകൻ: ജോൺസൺ), രാജ്പാൽ മസിഹ്
**വിഷയങ്ങൾ** : വേലയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കാം.

**25**

**വായനഭാഗം : സങ്കീർത്തനങ്ങൾ 70–73, 1 കൊരിന്ത്യർ 4–ാം അധ്യായം**
**മിഷൻ ഫീൽഡ്** : രാജസ്ഥാൻ (ബാൻസ്വാഡ)
**പ്രവർത്തകർ** : ലക്ഷ്മൺലാൽ ദാമോർ (ഭാര്യ: ശാന്ത, മക്കൾ: എലീശ, ആനന്ദ്, വിജയ്, പ്രിസ്കില്ല), ഭരത് പട്ടേൽ, നരേശ്, നഗിൻലാൽ, രത്തൻലാൽ, സോണിയ ഡേവ്ഡ, അർജുൻസിംഗ്, ദേവിലാൽ, വിജയ്സിംഗ്, മാല കട്ടാറ, വിനോദ് കട്ടാറ, ഗുഡ്വിൻ ഗരാസിയ, ലോകേഷ് ചർപോത, രമേഷ്ചന്ദ് പാഡോർ, ആനന്ദ് ഹിരാവത്ത്, രാംലാൽ ഡിൻഡോർ
**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയവളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

**26**

**വായനഭാഗം : സങ്കീർത്തനങ്ങൾ 74–78, 1 കൊരിന്ത്യർ 5–ാം അധ്യായം**
**മിഷൻ ഫീൽഡ്** : തമിഴ്നാട് (തേനി)
**പ്രവർത്തകർ** : കെ. എബ്രാഹം (ഭാര്യ: ജോൺസിബായ്, മക്കൾ: കൃപാ - ഭർത്താവ്: രവികുമാർ, സാമുവേൽ ജോൺ)
**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയവളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

**27**

**വായനഭാഗം : സങ്കീർത്തനങ്ങൾ 79–83, 1 കൊരിന്ത്യർ 6–ാം അധ്യായം**
**മിഷൻ ഫീൽഡ്** : തെലങ്കാന (രാമണ്ണപ്പേട്ട)
**പ്രവർത്തകർ** : പോൾ ബി. (ഭാര്യ: സന്ധ്യ, മക്കൾ: ഷാർലീ, സുസന്ന, സാറ്റ്വിക) കന്നോജു മോശ (ഭാര്യ: ഉമ, മകൻ: അഭിഷേക്) കലകോട്ടി ഗോപാൽ റാവു (ഭാര്യ: ഇന്ദിര, മക്കൾ: രുത്വിക, ഇവാഞ്ചലിക)
**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയവളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

**28**

**വായനഭാഗം : സങ്കീർത്തനങ്ങൾ 84–88, 1 കൊരിന്ത്യർ 7–ാം അധ്യായം**
**മിഷൻ ഫീൽഡ്** : ഉത്തർപ്രദേശ് (ഗോരഖ്പൂർ)
**പ്രവർത്തകർ** : അജിത്ത് കുമാർ (ഭാര്യ: ആശ)
**വിഷയങ്ങൾ** : വേല വളരുവാനും, സുവിശേഷവിരോധികളുടെ മാനസാന്തരത്തിനായും, വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

**29**

**വായനഭാഗം : സങ്കീർത്തനങ്ങൾ 89–94, 1 കൊരിന്ത്യർ 8–ാം അധ്യായം**
**മിഷൻ ഫീൽഡ്** : ഉത്തരാഖണ്ഡ് (നൈനിറ്റാൾ)
**പ്രവർത്തകർ** : ഹർമീന്ദ് സിംഗ് (ഭാര്യ: കിരൺ, മക്കൾ: അലക്സ്, ജെറിൽ)
**വിഷയങ്ങൾ** : വേല വളരുവാനും, സുവിശേഷവിരോധികളുടെ മാനസാന്തരത്തിനായും, വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

**30**

**വായനഭാഗം : സങ്കീർത്തനങ്ങൾ 95–102, 1 കൊരിന്ത്യർ 9–ാം അധ്യായം**
**മിഷൻ ഫീൽഡ്** : വെസ്റ്റ് ബംഗാൾ (സിലിഗുരി, ജൽപായ്ഗുരി)
**പ്രവർത്തകർ** : ഉമേഷ്കുമാർ ഹെബ്രോം (ഭാര്യ: മീന, മക്കൾ: ജറീന, ജയിംസ്) ആമോസ് ബസ്റ, മഹേഷ് ടുഡു, രഞ്ജൻ മുർമു, സന്തോഷ് മുർമു, രാജൻ മഹാലി, മംഗൾ മുർമു
**വിഷയങ്ങൾ** : ചംമ്പി - നടുവേദന, ശരീരവേദന, മുന്നി - ഷുഗർ, സോനാമുനി - വലതുകാലിന് വേദന, റോഷൻ - രണ്ടു കാലിനും വേദന, ഭീം സോറൻ - ക്ഷീണം, ബ്ലഡ് കുറവ്, മാനിക് - വീട്വിട്ട് ഓടിപ്പോയി, മടങ്ങി വരുന്നതിനായും, ഷൈമോൻ, വിശാൽ, ഹേമരാജ് - മദ്യപാനം മാറുവാനും, മൈക്കൽ, ഭുട്ട്കു - മാനസാന്തരത്തിനായും, വേലയുടെ വളർച്ചക്കായും പ്രാർത്ഥിക്കാം.

**31**

**വായനഭാഗം : സങ്കീർത്തനങ്ങൾ 103–105, 1 കൊരിന്ത്യർ 10–ാം അധ്യായം**
**മിഷൻ ഫീൽഡ്** : വെസ്റ്റ് ബംഗാൾ (കട്ടൽഗുരി)
**പ്രവർത്തകർ** : ബിക്കി ലോഹാർ (ഭാര്യ: ദീപ്മാല)
**വിഷയങ്ങൾ** : വേലയുടെ വളർച്ചക്കായും, എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.


പ്രാർത്ഥനാ സഹായത്തിന്

## ഗാർഡിയൻ പ്രേയർ സെൽ

ഭവനത്തിലിരുന്ന് വിവിധ വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവാൻ താത്പര്യമുള്ളവർ ഗാർഡിയൻ പ്രേയർ സെല്ലിൽ അംഗമാകുവാൻ ഞങ്ങളുമായി ബന്ധപ്പെടുക

**CALL: 9446610923**
E-mail: guardianprayercell@gmail.com
www.egmofindia.com



റവ. സണ്ണി
കെ ജോൺ

# അഭിവാദനങ്ങൾ

“ദൈവേഷ്ടത്താൽ യേശുക്രിസ്തുവിന്റെ അപ്പൊസ്തലനായി വിളിക്കപ്പെട്ട പൌലൊസും സഹോദരനായ സോസ്തെനേസും കൊരിന്തിലുള്ള ദൈവസഭെക്കു, ക്രിസ്തുയേശുവിൽ വിശുദ്ധീകരിക്കപ്പെട്ടവരും അവിടെയും ഇവിടെയും എവിടെയും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന ഏവരോടും കൂടെ വിളിക്കപ്പെട്ട വിശുദ്ധന്മാരുമായവർക്കു തന്നേ, എഴുതുന്നതു; നമ്മുടെ പിതാവായ ദൈവത്തിങ്കൽ നിന്നും കർത്താവായ യേശുക്രിസ്തുവിങ്കൽനിന്നും നിങ്ങൾക്കു കൃപയും സമാധാനവും ഉണ്ടാകട്ടെ (1 കൊരി. 1:1-3).

ക്രിസ്ത്യാനി ആര്? തന്നെ യേശുക്രിസ്തുവിന്റെ മിഷനറിയായി ദൈവം വിളിച്ചിരുന്നുവെന്ന ബോധം പൌലൊസിനെ ഭരിച്ചിരുന്നു.(1-ാം വാക്യം)

ഇങ്ങനെ ഒരു ബോധം നമുക്കുണ്ടെങ്കിൽ മാത്രമേ ദൈവത്തിന് പ്രസാദകരമായി നമ്മുടെ ശുശ്രൂഷ നിർവ്വഹിക്കുന്നതിന് സാധിക്കുകയുള്ളൂ.

ഒരു ക്രിസ്ത്യാനി ആര് എന്ന ചോദ്യത്തിന്റെ മറുപടി 2-ഉം 3-ഉം വാക്യങ്ങളിൽ കാണുന്നു.

1. അവൻ ക്രിസ്തുയേശുവിൽ വിശുദ്ധീകരിക്കപ്പെട്ടവൻ. വിശുദ്ധീകരിക്ക എന്നുവെച്ചാൽ ദൈവത്തിനുവേണ്ടി വേർതിരിക്കുക, ഒരു ബലിമൂലം ദൈവത്തിന്റെ വക ആക്കുക എന്ന അർത്ഥമാണ് മൂലഭാഷയിലെ പദത്തിനുള്ളത്. ക്രിസ്തുവിന്റെ ക്രൂശിലെ ബലിമൂലം ഒരു ക്രിസ്ത്യാനി ദൈവത്തിന്റെ ഉടമസ്ഥതയിലേക്ക് മാറ്റിവെക്കപ്പെട്ടിരിക്കുന്നു.

2. ക്രിസ്ത്യാനി വിശുദ്ധനാകേണ്ടതിന് വിളിക്കപ്പെട്ടവൻ. യെഹൂദന്മാർ ദൈവത്തിന്റെ വിശുദ്ധജനമായി സ്വയം പരിഗണിച്ചിരുന്നു. അവർ ദൈവത്തിനുള്ളവരും ദൈവശുശ്രൂഷക്കായി വേർതിരിക്കപ്പെട്ടവരും ആണ്. ഈ കാരണത്താലാണ് അവർ മറ്റുള്ളവരിൽനിന്ന് വ്യത്യസ്തരായിത്തീരുന്നത്. ക്രിസ്ത്യാനിയുടെ നിലപാടും ഇതുതന്നെ. ജീവിതവ്യവഹാരങ്ങളിൽനിന്ന് ഒഴിഞ്ഞുനിൽക്കുകയല്ല, അവയിൽക്കൂടെ അവൻ ദൈവത്തിനുവേണ്ടി വേർതിരിക്കപ്പെട്ടവൻ എന്ന് കാണിച്ചുകൊടുക്കണം.

3. ക്രിസ്ത്യാനി കൂട്ടായ്മയിൽ ചേർന്നുനിൽക്കുന്നവൻ. ഒറ്റപ്പെട്ട് നിൽക്കുവാൻ അല്ല: യേശുക്രിസ്തുവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന കൂട്ടായ്മയുടെ ഒരു അംഗമത്രേ അവൻ. ലോകവ്യാപകമായ കൂട്ടായ്മയുടെ അഥവാ സഭയുടെ ഓഹരിക്കാരായി ജീവിക്കുന്നതിന് ദൈവം നമ്മെ വിളിച്ചിരിക്കുന്നു. നമ്മുടെ സഭ മാത്രം സത്യസഭ എന്ന് അഭിമാനിക്കാതെ സാർവ്വത്രികമായ ക്രിസ്തുസഭയുടെ കൂട്ടായ്മയിൽ പങ്കുചേരുന്നത് അത്രേ ക്രിസ്തുവിന്റെ ശരീരമായ സഭയുടെ അംഗങ്ങൾക്ക് ഉചിതമായ മനോഭാവം.

# പ്രാർത്ഥനയ്ക്ക്



## ഭാരത സുവിശേഷീകരണം

- മിഷൻ പ്രവർത്തനങ്ങൾക്ക് ഏറ്റെ പ്രതിസന്ധികൾ നേരിടുന്ന ഈ കാലത്തു വെല്ലുവിളികളെ അതിജീവിച്ചു മുന്നോട്ടു പോകുവാൻ.
- മിഷനറിമാരും വിശ്വാസികളും അവരുടെ കുടുംബവും തളരാതെ നിൽപ്പാൻ.
- അധികം പ്രവർത്തകരെ ലഭിക്കേണ്ടതിന്
- പ്രവർത്തകരുടെ ആരോഗ്യത്തിനും ക്ഷേമത്തിനും
- സഹകാരികൾക്കുവേണ്ടി/ സാമ്പത്തിക ആവശ്യങ്ങൾക്കായി

# പ്രേയർ ടവർ



നമ്മുടെ മിഷന്റെ ഗാർഡിയൻ പ്രേയർ സെല്ലിന്റെ ഭാഗമായി നമ്മൾ ആരംഭിച്ചിരിക്കുന്നതാണ് **'പ്രേയർ ടവർ'**. ദൈവമക്കൾ മിഷൻ സെന്ററിൽ ഒരുമിച്ചിരുന്ന് **10 am - 1 pm** വരെ ലഭിക്കുന്ന പ്രാർത്ഥനാ വിഷയങ്ങൾക്കായി പ്രാർത്ഥിക്കുന്നു.

കൂടാതെ ദിവസത്തിൽ അര മണിക്കൂർ സമയം വീട്ടിലിരുന്ന് പ്രാർത്ഥിക്കുവാൻ താല്പര്യമുള്ള ദൈവമക്കൾക്ക് പ്രാർത്ഥനാവിഷയങ്ങൾ അയച്ചു തരുന്നതാണ്. അതിനായി പേരും അഡ്രസ്സും പ്രാർത്ഥനയ്ക്ക് തിരഞ്ഞെടുക്കുന്ന സമയവും വാട്സാപ്പ് നമ്പറും മിഷന്റെ ഓഫീസ് നമ്പറായ +91 8281 616654 എന്ന നമ്പറിലേക്ക് അയച്ചു തന്നാൽ മതിയാകും. ഏതു വിധത്തിലും നമ്മുടെ മിഷന്റെ പ്രേയർ ടീമിന്റെ ഭാഗമാകാൻ താങ്കളെ സ്നേഹപൂർവ്വം നിർബന്ധിക്കുന്നു.

എന്ന്,
**ഡയറക്ടർ**



# പ്രാർത്ഥന ദൈവത്തെപ്പോലെ തന്നേ അനന്തമായതത്രെ (തുടർച്ച)

"ദൈവനാമത്തിൽ ഞാൻ നിങ്ങളെ പ്രബോധിപ്പിക്കട്ടെ, ഭക്ഷണം നിങ്ങളുടെ ശരീരത്തെ പരിപുഷ്ടമാക്കുന്നതുപോലെ പ്രാർത്ഥന നിങ്ങളുടെ ആത്മാവിനെ പോഷിപ്പിക്കട്ടെ" എന്ന് വിശ്വസ്തനായ ഫിനെലോൺ പറയുകയുണ്ടായി. "എന്റെ ഇപ്പോഴത്തെ നിർജ്ജീവാവസ്ഥക്കു കാരണം കർത്താവുമായി തനിയെ കഴിക്കുന്ന പ്രശാന്തമായ ധ്യാനസമയത്തിന്റെ കുറവത്രെ. ഓ, ഞാൻ ഒരു പ്രാർത്ഥനാമനുഷ്യൻ ആയിത്തീർന്നെങ്കിൽ"! എന്നത്രെ ഹെൻട്രി മാർട്ടിൻ പറഞ്ഞത്. "നമ്മുടെ പ്രാർത്ഥനയിലധികവും വാതുക്കൽ വന്ന് ബല്ലടിച്ചിട്ട്, വാതിൽ തുറക്കുന്നതിനുമുമ്പ് ഓടിപ്പോകുന്ന കുട്ടിയെപ്പോലെ ആകുന്നു" ദൈവത്തിന്റെ വിഭവങ്ങളുടെ കണ്ടുപിടിക്കപ്പെടാത്ത ഏറ്റവും വലിയ മണ്ഡലം പ്രാർത്ഥനയുടെ സ്ഥാനം ആകുന്നു എന്നത് എത്രയും നിർണ്ണായകമായ ഒന്നാണ്.

ദൈവത്തിന്റെ ശക്തിയുടെ അളവ് ആർക്ക് പറയുവാൻ കഴിയും? ഒരുവന് ലോകത്തിന്റെ ഭാരം കണക്കാക്കുവാൻ കഴിഞ്ഞേക്കും, സ്വർഗ്ഗീയനഗരത്തിന്റെ വലിപ്പം പറയാൻ സാധിച്ചേക്കും, ആകാശത്തിലെ നക്ഷത്രങ്ങളെ എണ്ണുവാൻ കഴിഞ്ഞേക്കും, ഇടിമിന്നലിന്റെ വേഗതയെ അളക്കുവാൻ ഇടയായേക്കും, സൂര്യോദയത്തിന്റെയും അസ്തമനത്തിന്റെയും സമയം പറയാൻ കഴിഞ്ഞേക്കും എങ്കിലും പ്രാർത്ഥനാശക്തിയെ ഗണിക്കുവാൻ കഴിയുന്നതല്ല. പ്രാർത്ഥന ദൈവത്തെപ്പോലെതന്നേ അനന്തമായതത്രെ. കാരണം അതിന്റെ പിന്നിൽ അവനാണുള്ളത്. പ്രാർത്ഥന ദൈവത്തെപ്പോലെതന്നേ അത്ര ശക്തിയുറ്റതാകുന്നു, എന്തുകൊണ്ടെന്നാൽ അതിന്റെ ഉത്തരം താൻതന്നെ നൽകിക്കൊള്ളാമെന്ന് അവൻ ഏറ്റിരിക്കുകയാണ്. നാവിനും നമ്മുടെ ആത്മാവിനും നൽകപ്പെട്ടിരിക്കുന്ന ഏറ്റവും ശ്രേഷ്ഠമായ പ്രവൃത്തിയാണിതെങ്കിലും നാം അതിൽ വിക്കുള്ളവരായിരിക്കുന്നതിനാൽ, ദൈവത്തിന് നമ്മോട് സഹതാപമേയുള്ളു. നമ്മുടെ രഹസ്യമുറിയിൽ ദൈവം നമ്മെ പ്രകാശിപ്പിക്കാത്തപക്ഷം, നാം ഇരുട്ടിൽ നടക്കേണ്ടിവരും. ന്യായാസനത്തിൻ മുമ്പിൽ വിശ്വാസി അഭിമുഖീകരിക്കേണ്ടിവരുന്ന ക്ലേശകരമായ കാര്യം അവന്റെ പ്രാർത്ഥനയുടെ അല്പത്വം എന്നുള്ളതായിരിക്കും.

ആദരണീയനായ ക്രിസോസ്റ്റത്തിന്റെ ഉജ്ജ്വലമായ തൂലികയിൽനിന്നും ഉതിർന്നതായ ഒരു ഭാഗം: "പ്രാർത്ഥനയുടെ വീര്യം തീയുടെ ബലത്തെ കെടുത്തിക്കളഞ്ഞു; സിംഹങ്ങളുടെ ഗർജ്ജനത്തിന് അത് കടിഞ്ഞാണിട്ടു, അരാജകത്വത്തിന് വിരാമമിട്ട് നിശബ്ദമാക്കി, യുദ്ധങ്ങൾക്കറുതിവരുത്തി, പ്രകൃതിശക്തികളെ ശാന്തമാക്കി; ഭൂതങ്ങളെ വിരട്ടിയോടിച്ചു, മരണത്തിന്റെ ചങ്ങലകളെ പൊട്ടിത്തെറിപ്പിച്ചു, സ്വർഗ്ഗീയ കവാടങ്ങളെ വിസ്തൃതമാക്കി രോഗങ്ങൾക്ക് ശമനംവരുത്തി, ചതിയന്മാരെ തുരത്തി, നഗരങ്ങളെ നാശത്തിൽനിന്നും രക്ഷിച്ചു, സൂര്യനെ അതിന്റെ ഗതിയിൽത്തന്നെ നിശ്ചലമാക്കി നിറുത്തുകയും അശനിപാതത്തിന്റെ പാച്ചിലിനെ പിടിച്ചുനിറുത്തുകയും ചെയ്ത പ്രാർത്ഥന എന്നത് സർവ്വംപര്യാപ്തമായ ഒരു പൂർണ്ണകവചവും നിഷ്പ്രഭമാകാത്ത ഒരു നിധിയും ഒരുകാലത്തും തീർന്നുപോകാത്ത ഒരു ഖനിയും, മേഘങ്ങളാൽ ആവരണംചെയ്യപ്പെടാത്ത ഒരു ആകാശവും, കൊടുങ്കാറ്റിനാൽ ഇളക്കപ്പെടുവാൻ കഴിയാത്ത ഒരു ജ്യോതിർമണ്ഡലവും അത്രെ. അത് ഒരു സഹസ്രാനുഗ്രഹങ്ങളുടെ നാരായവേരും, നീരുറവും മാതാവും ആകുന്നു" ക്രിസോസ്റ്റത്തിന്റെ വാക്കുകൾ സാമാന്യമായ ഒന്നിനെ ഏറ്റവും ശ്രേഷ്ഠമാക്കിക്കാണിക്കുന്നതിനുള്ള കേവലം അലങ്കാര പ്രയോഗമാണോ. അത്തരത്തിലുള്ള യാതൊരു പ്രയോഗവും വേദപുസ്തകം അറിയുന്നില്ല.

പ്രാർത്ഥനയാകുന്ന കലയിൽ സമർത്ഥനായ ഒരു മനുഷ്യൻ ആയിരുന്നു ഏലീയാവ്, പ്രകൃതിയുടെ ഗതിയെത്തന്നെ മാറ്റിമറിച്ചു. ഒരു രാഷ്ട്രത്തിന്റെ സാമ്പത്തിക വ്യവസ്ഥിതിയെ പിടിച്ചു ഞെരിച്ചു, പ്രാർത്ഥിച്ച് തീ വീഴ്ത്തി, പ്രാർത്ഥിച്ച് മനുഷ്യരെ വീഴ്ത്തി, പ്രാർത്ഥിച്ച് മഴപെയ്യിക്കയും ചെയ്തു. നമുക്കാവശ്യം മഴ, മഴ, മഴ തന്നെ! വിത്ത് മുളെക്കുവാൻ കഴിയാതെവണ്ണം സഭകൾ ഇന്ന് അത്രകണ്ട് ഉണങ്ങി വിണ്ടുകീറിയിരിക്കുകയാണ്. അനുതാപത്തിന്റെ ചൂടു കണ്ണുനീർക്കണങ്ങളില്ലായ്കയാൽ,

നമ്മുടെ പ്രസംഗവേദികളത്രയും വരണ്ടിരിക്കുന്നു. ഓ ഒരു ഏലീയാവിനുവേണ്ടി! യിസ്രായേൽ വെള്ളത്തിനായി നിലവിളിച്ചപ്പോൾ, ഒരു മനുഷ്യൻ ഒരു പാറയെ അടിക്കുകയും ആ തീക്കൽപ്പാറ ഒരു ഉദരമായിത്തീരുകയും അതിൽനിന്നു ജീവൻ നൽകുന്ന പ്രവാഹം പൊട്ടിപ്പുറപ്പെടുകയും ചെയ്തു. "കർത്താവിന് അസാദ്ധ്യമായ എന്തെങ്കിലും ഉണ്ടോ?" ദൈവമേ പാറയെ അടിക്കുവാൻ കഴിവുള്ള ഒരു മനുഷ്യനെ ഞങ്ങൾക്കയച്ചുതരേണമേ.!

ഇതിനെക്കുറിച്ച് നമുക്കുറപ്പുള്ളവരാകാം. അതായത് രഹസ്യ പ്രാർത്ഥനാമുറി കേവലം അടിയന്തരാപേക്ഷകളുടെ പട്ടിക കർത്താവിന്റെ കരങ്ങളിലേല്പിക്കുന്ന സ്ഥലമല്ല. പ്രാർത്ഥന കാര്യങ്ങളെ വ്യത്യാസപ്പെടുത്തുമോ? നിശ്ചയമായും. എന്നുതന്നെയല്ല പ്രാർത്ഥന മനുഷ്യരേയും വ്യത്യാസപ്പെടുത്തുന്നു. ഹന്നായുടെ നിന്ദയെ പ്രാർത്ഥന നീക്കിക്കളഞ്ഞെന്നുമാത്രമല്ല, അത് അവളെ വ്യത്യാസപ്പെടുത്തുകയും ചെയ്തു. വന്ധ്യയായ ഒരുവളെന്ന നിലയിൽ നിന്ന് മക്കളുള്ളവളാക്കി അവളെ മാറ്റി, ദുഃഖത്തിൽനിന്നു സന്തോഷത്തിലേക്ക് (1 ശമുവേൽ 1:10;2:1) അതേ, വിലാപത്തെ നൃത്തമാക്കി രൂപാന്തരപ്പെടുത്തി (സങ്കീർത്തനം 30:11).

ഒരുപക്ഷേ നാം ഒരിക്കലും ദുഃഖിക്കാതിരിക്കുമ്പോൾത്തന്നെ നൃത്തം ചെയ്യേണ്ടതിനായി പ്രാർത്ഥിക്കുകയായിരിക്കാം. "ദുഃഖിതർക്ക് വിഷണ്ഡമനസ്സിന് പകരം സ്തുതി എന്ന മേലാട ഞാൻ കൊടുക്കും" (യെശയ്യ 61:3) എന്നു ദൈവം പറയുമ്പോൾ നാം സ്തുതി എന്ന മേലാട തിരഞ്ഞെടുക്കുകയാണ്. നാം കൊയ്യണമെങ്കിൽ അതിലെ ക്രമം സത്യമായിരിക്കണം. കാരണം, "വിത്തു ചുമന്നു കരഞ്ഞും വിതെച്ചുംകൊണ്ടു നടക്കുന്നു കറ്റ ചുമന്നും ആർത്തും കൊണ്ട് വരുന്നു." (സങ്കീർത്തനം 126:6) എന്നാണു വചനം പറയുന്നത്.

പാപാർത്തിപൂണ്ട ഈ കാലഘട്ടത്തിന് പ്രാർത്ഥനാർത്തിപൂണ്ട ഒരു സഭയെയാണ് വേണ്ടത്, "വിലയേറിയതും അതിമഹത്തും ആയ ദൈവത്തിന്റെ വാഗ്ദത്തങ്ങളെ" നാം വീണ്ടും കൂലങ്കഷമായി പരിശോധിക്കേണ്ടതാവശ്യമാകുന്നു. ആ "മഹാദിനത്തിൽ" നാം ചെയ്ത വേലയുടെ വലിപ്പത്തെയല്ല പിന്നെയോ നമ്മുടെ വേല എങ്ങനെയുള്ളതായിരുന്നു എന്നതായിരിക്കും ന്യായവിധിയുടെ തീയ് പരിശോധിക്കുന്നത്. പ്രാർത്ഥനയിൽ പിറന്നതൊക്കെയും പരിശോധനയെ അതിജീവിക്കും. പ്രാർത്ഥന ദൈവവുമായി കാര്യം നടത്തുകയാകുന്നു. പ്രാർത്ഥന ദേഹികൾക്കുവേണ്ടിയുള്ള ദാഹം ഉളവാക്കുന്നു; ആത്മാക്കൾക്കുവേണ്ടിയുള്ള ആർത്തി പ്രാർത്ഥനയെ ഉളവാക്കുകയും ചെയ്യുന്നു. പരിജ്ഞാനമുള്ള ആത്മാവ് പ്രാർത്ഥിക്കുന്നു; പ്രാർത്ഥിക്കുന്ന ആത്മാവിനു പരിജ്ഞാനം ലഭിക്കുന്നു. സ്വന്തബലഹീനതയെ സമ്മതിച്ച് പ്രാർത്ഥിക്കുന്ന ആത്മാവിനു കർത്താവ് തന്റെ ശക്തിയെ കൊടുക്കുന്നു. നാം ഏലീയാവിനെപ്പോലെ പ്രാർത്ഥിക്കുന്നവർ ആയിരുന്നെങ്കിൽ കൊള്ളാമായിരുന്നു. അവൻ നമുക്കു സമസ്വഭാവമുള്ള മനുഷ്യൻ ആയിരുന്നു! കർത്താവേ, ഞങ്ങൾ പ്രാർത്ഥിക്കുന്നവർ ആയിത്തീരുമാറാകട്ടെ.

■■■

**മിഷൻഫീൽഡിൽനിന്നുള്ള അനുഭവസാക്ഷ്യം**



## കുടുംബജീവിതം സമാധാനത്തിൽ നിറഞ്ഞു

ഹിന്ദു വിശ്വാസിയായിരുന്ന എന്റെ കുടുംബജീവിതത്തിലെ സമാധാനമില്ലായ്മകൊണ്ട് സമാധാനം ലഭിക്കുന്നതിനായി ഒത്തിരി പൂജകൾ ചെയ്തു. എന്നാൽ സമാധാനം ലഭിച്ചില്ല. ഇ.ജി.എം. ഓഫ് ഇന്ത്യയുടെ മിഷനറിയായ ദൈവദാസൻ എന്റെ ഗ്രാമത്തിൽ കടന്നുവരുവാനും അദ്ദേഹത്തിലൂടെ ദൈവവചനം കേൾക്കുവാനും സാധിച്ചു. കർത്താവായ യേശു ജീവിതത്തിൽ സമാധാനം നൽകുവാൻ മതിയായവനാണെന്നും യേശു ലോകത്തിൽ വന്നത് പാപികളെ രക്ഷിപ്പാനാണെന്നും പറഞ്ഞു.

വചനം കേട്ടപ്പോൾ വലിയ സന്തോഷവും സമാധാനവും മനസ്സിന് ഉണ്ടായി. 2020-ലാണ് ഞാൻ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചത്. ഇന്ന് കുടുംബമായി ഞങ്ങൾ വിശ്വാസത്തിലാണ്. ഒരുമിച്ച് ആരാധനക്ക് കടന്നുപോകുന്നു. മക്കളും മരുമക്കളുമായി സന്തോഷത്തോടെ ജീവിക്കുന്നു. ദൈവത്തിന് ഒരായിരം നന്ദി.

ബീഗം ദേവി, ഹിമാചൽ പ്രദേശ്

# NEWS

## യുവ ക്രൈസ്തവർക്കിടയിൽ ബൈബിൾ വായന വർദ്ധിക്കുന്നു




**ലോ**കമെമ്പാടുമുള്ള യുവജനങ്ങളായ ക്രൈസ്തവരിൽ ബൈബിളിൽ താത്പര്യം വർദ്ധിക്കുന്നതായി പുതിയ ആഗോള സർവ്വേ ഫലം. 15 മുതൽ 30 വയസ്സ്‌വരെ പ്രായമുള്ളവരുടെ ഇടയിൽ വിശുദ്ധ ഗ്രന്ഥത്തെക്കുറിച്ചുള്ള മനോഭാവത്തെ പഠിച്ച പത്മോസ് യൂത്ത് റിപ്പോർട്ടിലാണ് ഇക്കാര്യം ചൂണ്ടിക്കാണിച്ചിരിക്കുന്നത്. 'പത്മോസ് ഇനിഷ്യേറ്റീവ്', 'യുണൈറ്റഡ് ബൈബിൾ സൊസൈറ്റി' എന്നിവയുമായി സഹകരിച്ച് പ്രമുഖ സർവ്വേ ഏജൻസിയായ 'ഗാലപ്പ്' ആണ് സർവ്വേ നടത്തിയിരിക്കുന്നത്. 85 രാജ്യങ്ങളിലും വിവിധ പ്രദേശങ്ങളിലുമായി ഏകദേശം 91,000 ആളുകളിൽനിന്ന് ഗവേഷകർ പ്രതികരണങ്ങൾ ശേഖരിച്ചു. ഇതിൽ ഏകദേശം 28,700 യുവജനങ്ങളുണ്ടെന്ന് ഗവേഷക ഏജൻസി റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചു.റിപ്പോർട്ട് അനുസരിച്ച്, 18നും 24നും ഇടയിൽ പ്രായമുള്ള ക്രൈസ്തവ യുവജനങ്ങൾ, മുൻകാല യുവതലമുറകളെക്കാൾ കൂടുതൽ പതിവായി ബൈബിൾ വായിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നുണ്ടെന്ന് സർവ്വേയിൽ പറയുന്നു. ലോകമെമ്പാടുമുള്ള യുവജനക്രിസ്ത്യാനികളിൽ പകുതിയോളംപേർ എല്ലാ ആഴ്ചയും ബൈബിൾ വായിക്കാനോ പഠിക്കാനോ സമയം കണ്ടെത്തുന്നുവെന്നും സർവ്വേ ചൂണ്ടിക്കാണിക്കുന്നു. തങ്ങളുടെ വിശ്വാസം ചർച്ചചെയ്യുന്നതിലും ബൈബിൾസംഭവങ്ങൾ മറ്റുള്ളവരുമായി പങ്കുവെക്കുന്നതിലും പലരും ആത്മവിശ്വാസം പ്രകടിപ്പിച്ചു.

ലാറ്റിൻ അമേരിക്ക, സബ് സഹാറൻ ആഫ്രിക്ക തുടങ്ങിയ പ്രദേശങ്ങളിൽ, ദൈനംദിന ജീവിതത്തിൽ ദൈവവിശ്വാസം ഒരു പ്രധാന പങ്ക് വഹിക്കുന്നത് തുടരുന്നതിനാൽ, മേഖലയിൽ ബൈബിളിന് ശക്തമായ സ്വാധീനമുണ്ടെന്നും കണക്കുകൾ ചൂണ്ടിക്കാണിക്കുന്നു. ആഗോളതലത്തിൽ, 81 ശതമാനം ക്രൈസ്തവയുവജനങ്ങളും വിശ്വാസം തങ്ങൾക്ക് വ്യക്തിപരമായി പ്രധാനമാണെന്ന് ഏറ്റുപറയുന്നുണ്ടെന്ന് ഗവേഷക ഏജൻസി റിപ്പോർട്ടിൽ പറയുന്നു. ആഗോളതലത്തിൽ സർവ്വേയിൽ പ്രതികരിച്ചവരിൽ ക്രിസ്ത്യാനികളല്ലാത്തവർ ഉൾപ്പെടെ 70% പേരും ബൈബിളിലെ സംഭവകഥകൾ കുട്ടികൾക്ക് വിലപ്പെട്ടതാണെന്ന് സമ്മതിക്കുന്നവരാണെന്നും ചൂണ്ടിക്കാണിക്കുന്നു.

Source:Maranatha Voice

## സൂര്യനുള്ളിൽനിന്ന് ശബ്ദം; മാറ്റത്തിനൊരുങ്ങി സൂര്യൻ? കരുതിയിരുന്ന് ശാസ്ത്രലോകം



**സൂ**ര്യനെക്കുറിച്ച് എന്തറിയാം എന്ന് ചോദിച്ചാൽ എന്ത് മറുപടി പറയാനാകും. ഭൂമി അടക്കം എട്ടു ഗ്രഹങ്ങൾ വലംവെക്കുന്ന ഒരു നക്ഷത്രം. സൂര്യനില്ലെങ്കിൽ പ്രകാശമില്ല, ഭൂമിയിൽ ജീവനില്ല എന്നതടക്കം നിരവധി കാര്യങ്ങൾ പറയാം. പക്ഷെ ഇത്ര കാലമായിട്ടും സൂര്യനെക്കുറിച്ച് മനുഷ്യൻ പത്ത് ശതമാനം പോലും മനസ്സിലാക്കിയിട്ടില്ലെന്ന് വ്യക്തമാക്കുന്നതാണ് പുതിയ റിപ്പോർട്ടുകൾ. സൂര്യന്റെ ആഴങ്ങളിൽനിന്നുള്ള ശബ്ദതരംഗങ്ങളുടെ പഠനത്തിൽനിന്നും സൂര്യന് കാര്യമായ മാറ്റമുണ്ടാകുന്നുവെന്ന് തെളിയിക്കുന്നതാണ് പഠനങ്ങൾ.

സൂര്യന്റെ ഉള്ളിൽ നടക്കുന്ന സംഭവങ്ങൾ പുറമെനിന്നും പൂർണ്ണമായി വ്യക്തമായിരുന്നില്ല. സൂര്യനിൽ ഇരുണ്ടനിറത്തിൽ കാണുന്ന സൺസ്പോട്ടുകൾ, സൂര്യനിലെ സൗരതരംഗങ്ങൾ, കാന്തികതരംഗങ്ങൾ എന്നിവ ശാസ്ത്രജ്ഞർ നിരീക്ഷിച്ച്‌വന്നിരുന്നു.. എന്നാൽ ബ്രിട്ടനിലെ ബിർമിങ്ഹാം സോളാർ ഓസിലേഷൻസ് നെറ്റ്‌വർക്കിന്റെ പഠനപ്രകാരം സൂര്യന്റെ ഉള്ളിൽനിന്നും തരംഗങ്ങൾ പുറത്തേക്ക് വരുന്നുണ്ടെന്നാണ് പുതിയ നിരീക്ഷണം.

സൂര്യന് പൊടുന്നനെയുള്ള മാറ്റങ്ങൾ സോളാർ സൈക്കിളുകൾ എന്നാണ് അറിയപ്പെടുന്നത്. 1986 മുതൽ 1996 വരെയുള്ള കാലഘട്ടത്തെ സോളാർ സൈക്കിൾ 22 എന്ന് വിളിക്കുന്നു. ഈ കാലയളവിൽ സൺസ്പോട്ടുകൾ സൂര്യനിൽ ഇല്ലായിരുന്നെന്ന് തന്നെ കണ്ടെത്തി. എന്നാൽ പിന്നാലെ വന്ന സോളാർ സൈക്കിൾ 23 (1996 മുതൽ 2008 വരെ) സൂര്യന്റെ കാന്തികശക്തി വർദ്ധിച്ച കാലഘട്ടമായിരുന്നു. ഇതുപോലെ മാറ്റങ്ങൾ വന്ന വർഷങ്ങളായിരുന്നു 2008 മുതൽ 2019 വരെയുള്ള കാലഘട്ടം. എന്നാൽ ഇവയെല്ലാം ബാഹ്യമായ മാറ്റങ്ങളായിരുന്നു.

എന്നാൽ പുതിയ സോളാർ സൈക്കിളിൽ ആന്തരികമായ മാറ്റങ്ങൾ നടക്കുന്നതായാണ് നിരീക്ഷണം. സൂര്യന്റെ ഉള്ളിൽ ശക്തമായ എന്തോ മാറ്റം സംഭവിച്ചിട്ടുണ്ടെന്നും അതിന്റെ ശബ്ദവീചികളും തരംഗങ്ങളും പുറംഭാഗത്ത് പ്രതിഫലിക്കുന്നുണ്ടെന്നും നിരീക്ഷണമുണ്ടായി. മുൻ പഠനങ്ങളിൽനിന്നും തികച്ചും വ്യത്യസ്തമായി സൂര്യനുള്ളിൽ എന്താണ് നടക്കുന്നതെന്ന് അറിയാനുള്ള ശ്രമത്തിലാണ് ശാസ്ത്രജ്ഞർ. സൂര്യനിലെ മാറ്റങ്ങൾ ഭൂമിക്ക് പ്രശ്നമാകുമെന്ന് നിലവിൽ ആശങ്കയില്ലെങ്കിലും, ഭൂമിയെ വലംവെക്കുന്ന ഉപഗ്രഹങ്ങൾക്കും റേഡിയോ തരംഗത്തിലൂടെയുള്ള ഭൂമിയിലെ ആശയവിനിമയങ്ങൾക്കും ഈ മാറ്റം പ്രതികൂലമായേക്കാമെന്ന് ശാസ്ത്രലോകം കരുതുന്നു.

Source: www.manoramanews.com

# ആദരാഞ്ജലികൾ



## വിത്തമ്മ വർഗീസ് (92)

മുടക്കുഴ


ഇ.ജി.എം. ഓഫ് ഇന്ത്യയുടെ പ്രധാന പ്രവർത്തകനായ ശ്രീ. എം. വി. എൽദോസിന്റെ മാതാവും നമ്മുടെ പകൽവീട്ടിലെ അംഗവുമായിരുന്ന മുടക്കുഴ മഞ്ഞാംകുടി വീട്ടിൽ ശ്രീമതി. വിത്തമ്മ വർഗീസ് (92) 11.06.2026–ൽ കർത്താവിൽ നിദ്രപ്രാപിച്ചു. ഇ. ജി. എം കുടുംബത്തിന്റെ അനുശോചനം ഹൃദയപൂർവ്വം അറിയിക്കുന്നതോടൊപ്പം കുടുംബാംഗങ്ങളുടെ ദുഖത്തിൽ പങ്കുചേരുകയും ചെയ്യുന്നു.



## അന്നമ്മ ജോൺ (86)

മുണ്ടിയപ്പള്ളി, പത്തനംതിട്ട

ഇ.ജി.എം ഓഫ് ഇന്ത്യയുടെ സഹകാരിയായ ശ്രീ. കെ. എ. ജോണിന്റെ ഭാര്യ പത്തനംതിട്ട, മുണ്ടിയപ്പള്ളി, കാലാപറമ്പിൽ വീട്ടിൽ ശ്രീമതി. അന്നമ്മ ജോൺ (86) 20.05.2026–ൽ കർത്താവിൽ നിദ്ര പ്രാപിച്ചു. ഇ.ജി.എം കുടുംബത്തിന്റെ അനുശോചനം ഹൃദയപൂർവ്വം അറിയിക്കുന്നതോടൊപ്പം കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ പങ്കുചേരുകയും ചെയ്യുന്നു.



## കെ. വൈ. പൗലോസ് (85)

വലമ്പൂർ

ഇ.ജി.എം ഓഫ് ഇന്ത്യയുടെ 'ഡോക്സ്' പാലിയേറ്റീവ് ഹോം കെയറിലെ നേഴ്സ് ആയിരുന്ന ശ്രീമതി. ലിസി ജോൺസന്റെ പിതാവ് വലമ്പൂർ കുഞ്ചത്ത്വീട്ടിൽ ശ്രീ. കെ. വൈ. പൗലോസ് (85) 12.06.2026–ൽ കർത്താവിൽ നിദ്രപ്രാപിച്ചു. ഇ.ജി.എം കുടുംബത്തിന്റെ അനുശോചനം ഹൃദയപൂർവ്വം അറിയിക്കുന്നതോടൊപ്പം കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ പങ്കുചേരുകയും ചെയ്യുന്നു.



# ജീവിത പങ്കാളിയെ തേടി

സുവിശേഷവേലയിലും കൂട്ടായ്മബന്ധത്തിലും താൽപര്യമുള്ള ഒരു ജീവിതപങ്കാളിയെ കണ്ടെത്തുവാൻ, ഗോസ്പൽ മെസഞ്ചർ വരിക്കാരായിട്ടുള്ളവർക്കു മാത്രം ഒരുക്കുന്ന പംക്തി. (വരിക്കാരല്ലാത്തവർ 200 രൂപ അടക്കുമ്പോൾ പരസ്യം പ്രസിദ്ധീകരിക്കുന്നത് കൂടാതെ ഒരു വർഷത്തേക്ക് ഗോസ്പൽ മെസഞ്ചർ മാസിക സൗജന്യമായി അയച്ചുതരുന്നതുമാണ്. ബയോഡാറ്റയും ഒപ്പം താഴെ കൊടുത്തിരിക്കുന്ന സത്യപ്രസ്താവനയും ചേർത്ത് ഞങ്ങൾക്ക് അയച്ചുതരിക.

*ഞാൻ............. വർഷമായി/മാസമായി ക്രിസ്തീയ ജീവിതാനുഭവമുള്ള വ്യക്തിയാണ്. എന്റെ കുടുംബവും പ്രാർത്ഥനാനുഭവമുള്ളതാണ്. ദൈവകൃപയുള്ള ഒരു ജീവിതപങ്കാളിയെ ഞാൻ ആഗ്രഹിക്കുന്നു.*

യുവാവ്/ യുവതിയുടെ പേര് :........................................................................ ഒപ്പ്:.......................

# ആരോഗ്യവിചാരം

## സ്കൂളിലേക്ക് പോകാൻ പേടി?

### കുട്ടികളിലെ സ്കൂൾ ആങ്സൈറ്റി എങ്ങനെ തിരിച്ചറിയാം.



**കു**ട്ടികൾക്കെന്ത് മാനസിക സമ്മർദ്ദം! ഇങ്ങനെയാണോ നിങ്ങളും ചിന്തിക്കുന്നത്? ഇന്നത്തെ വിദ്യാഭ്യാസ രീതിയിൽ കുട്ടികൾ നേരിടുന്ന മത്സരം, പഠനഭാരം, സാമൂഹിക പ്രതീക്ഷകൾ എന്നിവ അവരിൽ മാനസിക അസ്വസ്ഥതകളും സ്കൂൾ ആങ്സൈറ്റിയും ഉണ്ടാക്കാം. സ്കൂളുമായി ബന്ധപ്പെട്ടുണ്ടാകുന്ന ഭീതിയും ഉത്കണ്ഠയും അമിത സമ്മർദ്ദവുമൊക്കെ പൊതുവെ അറിയപ്പെടുന്നത് സ്കൂൾ ആങ്സൈറ്റി (School Anxiety) എന്നാണ്.

സ്കൂൾ ആങ്സൈറ്റി ചിലപ്പോൾ ഒരു സാധാരണ ആശങ്കയായി തോന്നുമെങ്കിലും ദീർഘകാലം തുടർന്നാൽ കുട്ടിയുടെ പഠനം, ആത്മവിശ്വാസം, സാമൂഹിക ബന്ധങ്ങൾ, ഉറക്കം എന്നിവയെ ബാധിക്കാം. സ്കൂളിൽ പോകാൻ ബുദ്ധിമുട്ട്, പരീക്ഷയെക്കുറിച്ച് അതിയായ ആശങ്ക, അദ്ധ്യാപകരെ നേരിടാനുള്ള പേടി, കൂട്ടുകാരുമായി ഇടപഴകാൻ മടിക്കുക തുടങ്ങിയ അവസ്ഥകളാണ് സ്കൂൾ ആങ്സൈറ്റിയുടെ ലക്ഷണങ്ങൾ. മിക്ക കുട്ടികളും ഇത് തുറന്നുപറയില്ലെന്നതാണ് വേദനിപ്പിക്കുന്ന യാഥാർത്ഥ്യം. പകരം വയറുവേദന, തലവേദന, ക്ഷീണം, കരച്ചിൽ, ദേഷ്യം തുടങ്ങിയ ലക്ഷണങ്ങളിലൂടെയാകും പ്രകടിപ്പിക്കുക.

**സാധാരണ കാണുന്ന ലക്ഷണങ്ങൾ**

- രാവിലെ സ്കൂളിൽ പോകാൻ വിസമ്മതിക്കുക
- വയറുവേദന അല്ലെങ്കിൽ തലവേദന പറയുക
- ഉറക്കക്കുറവ്
- ഭക്ഷണത്തിൽ താത്പര്യം കുറയുക
- പരീക്ഷയെക്കുറിച്ച് അമിത ഭയം
- ആത്മവിശ്വാസക്കുറവ്
- ഒറ്റപ്പെടാൻ ശ്രമിക്കുക
- ചെറിയ കാര്യങ്ങൾക്കും കരയുക
- ശ്രദ്ധ കേന്ദ്രീകരിക്കാൻ ബുദ്ധിമുട്ട്

**സ്കൂൾ ആങ്സൈറ്റിക്ക് കാരണമാകുന്ന ഘടകങ്ങൾ**

**പഠന സമ്മർദ്ദം:** കൂടുതൽ മാർക്ക് നേടണമെന്ന പ്രതീക്ഷ കുട്ടികളിൽ സമ്മർദ്ദം സൃഷ്ടിക്കും.

**താരതമ്യം:** "അവൻ ഇത്ര മാർക്ക് നേടി, നിനക്ക് എന്തുകൊണ്ട് ഇല്ല?" എന്ന രീതിയിലുള്ള താരതമ്യം കുട്ടികളുടെ ആത്മവിശ്വാസം കുറെക്കും. രക്ഷിതാക്കളുടെ അമിത പ്രതീക്ഷ കുട്ടികളിൽ മാനസികഭാരം വർദ്ധിപ്പിക്കും.

**സാമൂഹിക സമ്മർദ്ദം:** കൂട്ടുകാരുടെ ഇടപെടൽ, ബുള്ളിയിങ്, അംഗീകരിക്കുന്നില്ല എന്ന തോന്നൽ എന്നിവയും കാരണമാകാം.

**കുട്ടികളുടെ മാനസികക്ഷേമം മെച്ചപ്പെടുത്താൻ എന്തൊക്കെ ചെയ്യണം**

- മാതാപിതാക്കൾ കുട്ടികളോട് ദിവസവും സംസാരിക്കുക
- മാർക്കിനേക്കാൾ പരിശ്രമത്തെ പ്രശംസിക്കുക
- ഭയം പറയുമ്പോൾ ശ്രദ്ധയോടെ കേൾക്കുക
- ഉറക്കം, ഭക്ഷണം, വിശ്രമം ഉറപ്പാക്കുക
- താരതമ്യം ഒഴിവാക്കുക

അദ്ധ്യാപകർ എല്ലാ കുട്ടികളെയും അവരുടെ മാനസികാവസ്ഥയും മനസ്സിലാക്കാൻ ശ്രമിക്കുകയും ചെയ്യുക. സൗഹൃദപരമായ ക്ലാസ് അന്തരീക്ഷം സൃഷ്ടിച്ചുകൊണ്ട് കുട്ടികളെ പാഠ്യവിഷയങ്ങളിൽ താത്പര്യമുള്ളവരാക്കാം.

**വിദഗ്ദ്ധ സഹായം എപ്പോൾ തേടണം?**

ഉത്കണ്ഠ ദിവസങ്ങളോളം അല്ലെങ്കിൽ ആഴ്ചകളോളം തുടരുക, സ്കൂളിൽ പോകാൻ സ്ഥിരമായി വിസമ്മതിക്കുക, ഉറക്കവും ഭക്ഷണവും ബാധിക്കുക, അമിത കരച്ചിൽ അല്ലെങ്കിൽ ഭയം എന്നിവ ഉണ്ടെങ്കിൽ മാനസികാരോഗ്യ വിദഗ്ദ്ധരുടെ സഹായം തേടുന്നത് നല്ലതാണ്.

Source: samakalikamalayalam.com

ഭാഗം : 07

# ബൈബിൾ ക്വിസ് JULY 2026



(1 രാജാക്കന്മാർ, വെളിപ്പാട്, GM ജൂൺ 2026)

1. മരണയോഗ്യനായിരുന്നിട്ടും, യഹോവയുടെ പെട്ടകം ചുമന്നതിനാൽ രക്ഷപെട്ട പുരോഹിതൻ?
2. ശാസ്ത്രം വിവരിക്കുന്ന ഭൗതികവാദത്തെ എതിർക്കുന്നവരാണ്__________
3. യോവാബ് ആരുടെ പക്ഷമാണ് ചേർന്നിരുന്നത് ?
4. അവർ മേഘത്തിൽ സ്വർഗ്ഗത്തിലേക്ക് കയറി. ആര് ?
5. അവൻ പറഞ്ഞതുപോലെ നീ ചെയ്ക അവനെ വെട്ടിക്കൊന്ന് കുഴിച്ചിടുക. ആരെ?
6. ഭൂകമ്പത്തിൽ മരിക്കാതെ ശേഷിച്ചവർ ഭയപരവശരായി ആർക്കാണ് മഹത്വം കൊടുത്തത് ?
7. തന്നെക്കാൾ നീതിയും സൽഗുണവുമുള്ള രണ്ട് പുരുഷന്മാരെ രാജാവ് അറിയാതെ കൊന്നത് ആര് ?
8. ലോകരാജത്വം ആർക്കാണ് ആയിത്തീർന്നത് ?

*ശരിയുത്തരങ്ങൾ തപാൽ / ഇ-മെയിൽ / വാട്ട്സാപ്പ് മുഖേന അതാതു മാസം 20-ാം തീയതിക്കുള്ളിൽ ഇ.ജി.എം. ഓഫ് ഇന്ത്യയുടെ ഓഫീസിൽ ലഭിക്കത്തക്കവിധം അയക്കുവാൻ ശ്രദ്ധിക്കുമല്ലോ. ശേഷം ലഭിക്കുന്നവ പരിഗണിക്കുന്നതല്ല.*

9. അവരുടെ രക്തം എന്നേക്കും യോവാബിന്റെയും അവന്റെ സന്തതിയുടെയും തലമേൽ ഇരിക്കും. ആരുടെ?
10. ആരാണ് കവിണ്ണുവീണ് ദൈവത്തെ നമസ്കരിച്ചത് ?

## ബൈബിൾ ക്വിസ് 2026 - ഭാഗം 6 ശരിയുത്തരങ്ങൾ

1. ശിമെയിയുടെ (1 രാജാക്കന്മാർ 2:9)
2. രണ്ട് സാക്ഷികൾക്ക് (വെളിപ്പാട് 11:6)
3. മുപ്പത്തിമൂന്ന് സംവത്സരം (1 രാജാക്കന്മാർ 2:11)
4. തങ്ങളുടെ സാക്ഷ്യം തികെച്ചശേഷം (വെളിപ്പാട് 11:7)
5. യഹോവയാൽ (1 രാജാക്കന്മാർ 2:15)
6. ഒരു ദിവസം പോലും പട്ടിണി കിടന്നില്ല (ജിഎം മെയ് 2026 പേജ് 13)
7. അദോനീയാവ് (1 രാജാക്കന്മാർ 2 :21)
8. രണ്ട് സാക്ഷികളുടെ (വെളിപ്പാട് 11:9)
9. ബെനായാവ് (1 രാജാക്കന്മാർ 2:25)
10. രണ്ട് സാക്ഷികൾ (വെളിപ്പാട് 11:11)

## ഭാഗം-5 ശരിയുത്തരങ്ങൾ അയച്ചുതന്നവർ

സുജ നെൽസൺ, തങ്കച്ചി വർഗീസ്, തങ്കമ്മ ഔസേഫ്
ബിനി റെജി, ഗ്രേസി ചാക്കോ, ജാൻസി ജോൺ,
ലീലാമ്മ ജോസ്, റാഹേലമ്മ ജോർജ്ജ്

## പ്രവർത്തകരെ ബന്ധപ്പെടാം

**GOSPEL TEAM**

STATE CO-ORDINATOR

P.V. JOSEPH : 94465 96654

ORGANIZER

M.O. JOSE : 86067 04376

**ZONAL SECRETARIES**

CHINNU RAJAN : 99953 29889
JANCY VARGHESE : 94465 23654
C.K. ABRAHAM : 94478 74276
VALSA KURIAKOSE : 94972 80050
M.A. MATHAI : 85473 90680

**ഓഫീസ്** OFFICE TIME : 9.30 am - 6.00 pm

Address : E. G. M. OF INDIA, MISSION CENTRE, ALLAPRA P.O, ALLAPRA, ERNAKULAM (DIST), KERALA - 683556
Phone : (+91) 8281616654 (Whatsapp)
E-mail : egmofindia@gmail.com
Website : www.egmofindia.com

**Dr. V. P. MATHAI VALAYIL**
Phone : (+91) 9447707654
E-mail : vpmathaivalayil@gmail.com

# നിർദ്ധനരായ ഗ്രാമീണവിദ്യാർത്ഥികൾക്ക് വിദ്യാകിരൺ യോജനയുടെ ഭാഗമായി എജ്യുക്കേഷൻകിറ്റ് വിതരണം




**ന**മ്മുടെ ഫീൽഡുകളിൽ താമസിക്കുന്ന നിർദ്ധനരായ വിദ്യാർത്ഥികൾക്ക് അവരുടെ വിദ്യാഭ്യാസ ആവശ്യങ്ങളിലേക്ക് കൈത്താങ്ങൽ നൽകുവാൻ നാം ആഗ്രഹിക്കുകയാണ്. നമ്മുടെ പ്രവർത്തനങ്ങളുമായി ചേർന്നും അല്ലാതെയും ജാതി, മത, വർണ്ണ വർഗ്ഗ വ്യത്യാസമെന്യെയുള്ള അനേകം കുട്ടികളിലേക്ക് ഈ പദ്ധതി എത്തിക്കുവാൻ നാം തയ്യാറെടുക്കുകയാണ്. ഓരോ വിദ്യാർത്ഥിക്കും അവർ പഠിക്കുന്ന തലത്തിനൊത്തവണ്ണം പഠനോപകരണങ്ങൾ വിതരണംചെയ്യുവാൻ സാധിക്കും. ഈ പദ്ധതിയിൽ താങ്കളുടെ പങ്കാളിത്തം പ്രതീക്ഷിക്കുന്നു. പ്രതികൂല സാഹചര്യങ്ങളിലും കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസത്തിന് ഒരു പ്രചോദനവും സഹായവുമാകട്ടെ.

| KG - Std.2 | Std.3 - Std.7 | Std.8 - Std.12 | College Going |
|---|---|---|---|
| 1000/- | 1500/- | 2000/- | 3000/- |

മെയ്മാസത്തിൽ രജിസ്ട്രേഷൻ പൂർത്തീകരിച്ച് ജൂൺ-ജൂലൈ മാസത്തോടെ പഠനോപകരണങ്ങൾ വിതരണംചെയ്യുവാൻ നാം ഒരുങ്ങുന്നു. പ്രാർത്ഥിക്കണമേ.



G Pay

Help India Mission

helpindia1@fbl

# എങ്ങനെ സഹായിക്കാം?

## സുവിശേഷവേലയിൽ

### പ്രതിമാസ പങ്കാളിത്തം (monthly)

ഒരു സ്റ്റേറ്റിലെ മിഷൻ പ്രവർത്തനങ്ങൾക്ക്
Support for the works in a Mission field : ₹ 15,000/

ഒരു മിഷനറിയുടെ സന്ധാരണത്തിന്
support for a Missionary : ₹ 5,000/

ഒരു ഗ്രാമത്തിന്റെ സുവിശേഷീകരണത്തിന്
Evangelisation of a village : ₹ 2,500/

ബൈബിൾ, സുവിശേഷപ്രതികൾക്ക്
Distribution of Bible, Tracts etc. : ₹ 500/

### മറ്റു ആവശ്യങ്ങൾ (other needs)

ഒരു ആരാധനാലയം നിർമ്മിക്കുവാൻ
Construction of a Church : ₹ 10,00,000/

ഗ്രാമത്തിൽ ഒരു പ്രെയർ ഹാൾ
Construction of a Prayer Hall in a village : ₹ 4,00,000/

ഫീൽഡിലേക്ക് ഒരു ടൂവീലർ
Buy a twowheeler to the Mission field : ₹ 1,00,000/

ഫീൽഡിലേക്ക് ഒരു സൈക്കിൾ
Buy a cycle to the Mission field : ₹ 5,000/

## കാരുണ്യപ്രവർത്തനത്തിൽ

80 G ഇളവ് ഉണ്ടായിരിക്കുന്നതാണ്

### പ്രതിമാസ പങ്കാളിത്തം (monthly)

ട്രൈബൽ വില്ലേജിലെ ഉച്ചഭക്ഷണം
Distribute Lunch In Tribal school : ₹ 5,000/

മെഡിസിൻ വിതരണത്തിന്
Distribution of medicine : ₹ 1000/

ഒരു ബി. പി. എൽ കുടുംബത്തിലേക്കുള്ള
പാലിയേറ്റീവ് സേവനങ്ങൾക്ക്
Palliative Care for a BPL Family : ₹ 1,000/

ഒരു മിഷനറിയുടെ ഒരുകുട്ടിയുടെ
വിദ്യാഭ്യാസചിലവ്
Support : ₹ 1,700/

വിദ്യാഭ്യാസ സഹായം
Educational help : ₹ 500/

### മറ്റു ആവശ്യങ്ങൾ (other needs)

ഒരു വീട് നിർമ്മിക്കുവാൻ
Construction of a house for the poor : ₹ 4,00,000/

സ്കൂൾ യൂണിഫോമും, ബാഗും, ഷൂസും
അടങ്ങുന്ന കിറ്റ്
school uniform, bag & shoes : ₹ 1,500/

## ബാങ്ക് വിവരങ്ങൾ

**Name :** EGM OF INDIA **A/c No :** 337 572 223 61

**Name :** MATHAI V.P. **A/c No :** 303 940 841 48

**State Bank of India**
**Perumbavoor**
**IFSC: SBIN0008661**
**SWIFT: SBININBB395**

UPI ID: egmofindia@sbi

## ബാങ്ക് വിവരങ്ങൾ

**Name:** HELP INDIA MISSION
**A/c No:** 100 302 000 284 26
**Name:** MATHAI V.P. **A/c No:** 100 301 005 826 13

**Federal Bank**
**Perumbavoor**
**IFSC: FDRL0001003**
**SWIFT: FDRLINBBIBD**

UPI ID: helpindia1@fbl

## (ചിലവുകൾ പൂർണ്ണമായോ ഭാഗികമായോ ഏറ്റെടുക്കാവുന്നതാണ്.)

### പണമയക്കുന്നവരുടെ ശ്രദ്ധയ്ക്ക്

- 2000/- രൂപക്ക് മുകളിലുള്ള തുക ചെക്കായോ, ഡ്രാഫ്റ്റായോ, നേരിട്ട് ബാങ്കിലേക്കോ, ഇന്റർനെറ്റ് മുഖേനയോ അയക്കേണ്ടതാണ്.
- 500 രൂപയിൽ താഴെ സംഭാവന അയക്കുന്നവർ തുക മണി ഓർഡറായി അയക്കുന്നത് സൗകര്യമാണ്.
- പണം അയക്കുന്നവർ അവരുടെ ഫോൺ നമ്പർ കൂടി അറിയിച്ചാൽ, പണം ലഭിച്ച വിവരം ഉടൻ വിളിച്ചറിയിക്കാൻ സാധിക്കും.
- പണം അയച്ച് ഒരു മാസത്തിനുള്ളിൽ മറുപടി ലഭിച്ചില്ലെങ്കിൽ ഓഫീസുമായി ബന്ധപ്പെടേണ്ടതാകുന്നു.

നേരിട്ട് ബാങ്കിലേക്കോ ഇന്റർനെറ്റ് മുഖേനയോ പണം അയക്കുന്നവർ നിർബന്ധമായും SMS / Email / Telephone / Letter / WhatsApp ഇതിൽ ഏതെങ്കിലും വിധത്തിൽ ഓഫീസിൽ വിവരം അറിയിക്കാത്തപക്ഷം കൃത്യമായി അക്കൗണ്ട് ചെയ്യുവാനോ നിങ്ങളെ വിവരമറിയിക്കുവാനോ സാധിക്കാതെ പോകും. ഇക്കാര്യത്തിൽ സഹായിക്കണമേ. (Ph: +91 8281616654)



Help India Mission

# Vidhya Kiran Yojana

*From Dreams to Degrees*

## 'ലഭിച്ച പിന്തുണയ്ക്കും പ്രോത്സാഹനങ്ങൾക്കും ഒടുവിൽ ഞാൻ ഒരു ബിരുദധാരിയായി മാറി'






എന്റെ പേര് അഭിഷേക് ഡിഗൽ. ഒഡീഷയിലെ കണ്ഡമാൽ സ്വദേശിയായ സുദം ഡിഗലിന്റെ മകനാണ് ഞാൻ. സ്കൂൾ പഠനം പൂർത്തിയായെങ്കിലും, കടുത്ത സാമ്പത്തിക പ്രതിസന്ധികൾ കാരണം എന്റെ ഉപരിപഠനം വലിയൊരു ചോദ്യചിഹ്നമായിരുന്നു.

എന്നാൽ, എന്റെ കോഴ്സ് ഫീസ് അടയ്ക്കുന്നതിനായി ഹെൽപ്പ് ഇന്ത്യ മിഷൻ നൽകിയ വിലയേറിയ സാമ്പത്തിക സഹായം കൊണ്ട് മാത്രമാണ് എനിക്ക് പഠനം തുടരാനും വിജയകരമായി പൂർത്തിയാക്കാനും സാധിച്ചത്. കഴിഞ്ഞ മെയ് 16-നായിരുന്നു എന്റെ കോൺവൊക്കേഷൻ ചടങ്ങ്. എന്റെ ബി.സി.എ പഠനകാലത്തുടനീളം ഹെൽപ്പ് ഇന്ത്യ മിഷൻ നൽകിയ എല്ലാ പിന്തുണയ്ക്കും കാരുണ്യത്തിനും ഹൃദയം നിറഞ്ഞ നന്ദി ഞാൻ വിനയപൂർവ്വം അറിയിക്കുന്നു. സുരക്ഷിതമായ ഒരു ഭാവി കെട്ടിപ്പടുക്കാൻ എനിക്ക് ഈയൊരു വലിയ അവസരം നൽകിയതിന് മിഷനോട് ഞാൻ എപ്പോഴും കടപ്പെട്ടിരിക്കും.

## വിദ്യാകിരൺ യോജന

നമ്മുടെ മിഷൻ മേഖലകളിലെ പിന്നാക്ക/ആദിവാസി കുടുംബങ്ങളിൽനിന്നുള്ള കുട്ടികൾക്ക് ഉന്നതവിദ്യാഭ്യാസവും മികച്ച തൊഴിലവസരങ്ങളും ഉറപ്പാക്കുകയാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. സാമ്പത്തിക ബുദ്ധിമുട്ടുകൾ നേരിടുന്ന മിടുക്കരായ കുട്ടികൾക്ക് അവർ ആഗ്രഹിക്കുന്ന കോഴ്സുകളിൽ അഡ്മിഷൻ വാങ്ങി നൽകി, അവരുടെ വിദ്യാഭ്യാസ സ്വപ്നങ്ങൾക്ക് ഈ പദ്ധതി തണലാകുന്നു.

**ചെലവുകൾ:**

ഹോസ്റ്റൽ ഫീസ് ഉൾപ്പെടെ ഒരു കുട്ടിക്ക് പ്രതിമാസം 10,000 രൂപ വരെയാണ് ഇതിനായി ചെലവ് വരുന്നത്.

ഇത് പ്രതിവർഷം 1 ലക്ഷം മുതൽ 2 ലക്ഷം രൂപ വരെയാകാം.

ഈ പദ്ധതിയിൽ പങ്കാളികളാകുന്ന എല്ലാ കുട്ടികളെയും മികച്ച നിലയിൽ എത്തിക്കാൻ നമ്മളാൽ കഴിയുന്ന സഹായങ്ങൾ നൽകാം. നിങ്ങളുടെ ഓരോ ചെറിയ പിന്തുണയും ഒരു തലമുറയുടെ വെളിച്ചമായി മാറും.

FEDERAL BANK

Scan & Support

helpindia1@fbl

ഹെൽപ്പ് ഇന്ത്യ മിഷന്റെ ചാരിറ്റി പ്രവർത്തനങ്ങൾക്കായി നൽകുന്ന സംഭാവനകൾക്ക് 80G പ്രകാരം Income Tax ഇളവ് ലഭിക്കുന്നതാണ്.
അതിനായി 100 302 000 284 26 എന്ന അക്കൗണ്ട് നമ്പർ ഉപയോഗപ്പെടുത്തുക.

### BANK DETAILS

| HELP INDIA MISSION | V.P. MATHAI *(Official)* |
|---|---|
| A/C No. 100 302 000 284 26 | A/C No. 100 301 005 826 13 |

Federal Bank, Perumbavoor
IFSC: FDRL0001003

പണം അയക്കുന്നവർ നിർബന്ധമായും പേരും മൊബൈൽ നമ്പറും വിലാസവും ഓഫീസിൽ നൽകേണ്ടതാണ്.

Email: him.helpindia@gmail.com | Ph: 9747407654

RNI Reg. No. KERMAL/2009/34305

GOSPEL MESSENGER MONTHLY വരിസംഖ്യ : ₹ 200 (1 വർഷം), ₹ 500 (3 വർഷം), ₹ 800 (5 വർഷം)

# MORNING FELLOWSHIP

എല്ലാ ദിവസവും
5.40 am - 6.40 am

Google Meet
Meeting Code : iib-yyvd-seq

# രക്ഷാസന്ദേശം

ടി. വി പ്രോഗ്രാം

POWERVISION



പവർവിഷൻ ചാനലിൽ
ബുധനാഴ്ച്ച രാത്രി 9 ന്

## യൂട്യൂബ് ചാനൽ സന്ദർശിക്കുക

www.youtube.com/egmof india Subscribe

ഇ. ജി. എം. ഓഫ് ഇന്ത്യയുടെ വിവിധ പ്രോഗ്രാമുകൾ YouTube ചാനലിൽ ലഭ്യമാണ്.

Printed, Published and Owned by V.P. Mathai, Printed at Don Bosco IGACT, Vennala P.O., Kochi - 682 028
and Published from Ecumenical Gospel Mission of India, P.B. No. 57, P.P. Road, Perumbavoor, Ekm - 683 542
Editor : Baby George, Ecumenical Gospel Mission of India, Perumbavoor.